കെഎസ്എ-കെടിഎം/പി.17/1503/2017 തീയതി 17.10.2017

# കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ **വൈക്കം നഗരസഭയുടെ 2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 06.01.17 മുതൽ 31.8.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി.സുരേഷ് രാജു, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13/09/2017മുതൽ 26/09/2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. എൻ. രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. രതീഷ് സി.ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | ഓഡിറ്റർ |
| | ശ്രീ. ലൂക്കോസ് കുര്യൻ | ഓഡിറ്റർ (ഹ.ഗ്രേ) |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. അനിൽ ബിശ്വാസ് | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. ബിജു എസ്. | 01.04.16 മുതൽ 31.03.17 വരെ |

## നിർവ്വഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. ടി.എ.സുന്ദരൻ | 01/04/16 മുതൽ 9/01/17 വരെ |
| | ശ്രീ.സി.പ്രസന്നൻ | 10/01/17 മുതൽ 23/02/17 വരെ |
| | ശ്രീ.പി.പി. ഷാജി | 24/02/17 മുതൽ 31/03/17 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ദിലീപ് എസ്.ചീരംതോട് | 01/04/16 മുതൽ 7/07/16 വരെ |
| | ശ്രീ.ആന്റണി എൽ. | 08/07/16 മുതൽ 30/09/16 വരെ |
| | ശ്രീ.ടി.എസ്. ജയകുമാർ (ഓവർസിയർ ഇൻചാർജ്) | 1/10/16 മുതൽ 14/11/16 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.വിപിൻ കൃഷ്ണ | 15/11/16 മുതൽ 31/03/17 വരെ |
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ.ടി.എസ്. സലിമോൻ | 01/04/16 മുതൽ 31/03/17 വരെ |
| സീനിയർ വെറ്ററിനറിസർജൻ | ശ്രീ.പി.കെ.സന്തോഷ് കുമാർ | 01/04/16 മുതൽ 31/03/17 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.കെ.മനോഹരൻ | 01/04/16 മുതൽ 31/03/17 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.ഹനീഫ | 01/04/16 മുതൽ 31/03/17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമോൾ എസ്. | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ഹോസ്പിറ്റൽ) | ഡോ.ഗീത കെ. നായർ | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ – ആയുർവ്വേദം | ഡോ.കെ.സി.രാധാമണി | 01/04/16 മുതൽ 31/03/17 വരെ |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | ഡോ. നിഷ മോഹൻ | 01/04/16 മുതൽ 31/03/17 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ജയചന്ദ് | 01/04/16 മുതൽ 31/03/17 വരെ |

<u>ഉള്ളടക്കം</u>


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| തനത് ഫണ്ട് ചെലവുകൾ | 1-8 |
| ക്ഷേമ പദ്ധതികൾ | 1-9 |
| ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| ആഭ്യന്തര നിയന്ത്രണം | 1-11 |
| മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| ഓഡിറ്റ് ഇംപാക്ട് | 1-13 |
| ഭാഗം 2 – വരവുകണക്കുകൾ | |
| വാർഷിക കണക്കുകളുടെ അവലോകനം | 2-1 |
| ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു | 2-2 |
| തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കുറവ് | 2-3 |
| അഭിഭാഷകർ, വാഹന ഉടമകൾ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-4 |
| തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക | 2-5 |
| സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച | 2-6 |
| തൊഴിൽ നികുതി രജിസ്റ്ററുകൾ – അപാകതകൾ | 2-7 |
| വസ്തു നികുതി പരിഷ്ക്കരണം പ്രാരംഭദിശയിൽ | 2-8 |
| വാടക പൂർണ്ണമായും ഈടാക്കിയില്ല | 2-9 |
| വാടക – നിരവധി മുറികൾ ഒഴിഞ്ഞു കിടക്കുന്നു | 2-10 |

| | |
|---|---|
| ലേലം – വലിയ തുക കുടിശ്ശിക | 2-11 |
| പഴയ അംബാസിഡർ കാർ ലേലം ചെയ്തിട്ടില്ല | 2-12 |
| മൊബൈൽ ടോയ്‌ലറ്റ് ലേലം | 2-13 |
| അഷ്ടമി വരവിൽ മുൻ കാലയളവിനെ അപേക്ഷിച്ച് 43.69 ശതമാനം വർദ്ധനവ് | 2-14 |
| ഡി & ഒ ലൈസൻസ് കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 2-15 |
| അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു – നടപടികൾ സ്വീകരിക്കേണ്ടതാണന്ന | 2-16 |
| ഡി & ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പൊതുവായ അപാകതകൾ | 2-17 |
| നഗരസഭയ്ക്ക് വിട്ടുകിട്ടിയ വസ്തുവകകൾ ആസ്തിയാക്കിയത് | 2-18 |
| സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല – നഗരസഭയ്ക്ക് വൻ നഷ്ടം | 2-19 |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| മത്സ്യകൃഷിക്ക് ആവശ്യമായ സംരക്ഷിത വലയ്ക്ക് സബ്സിഡി നൽകിയത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3-1 |
| പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു | 3-2 |
| പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിൻ വാങ്ങുന്നതിനുള്ള പദ്ധതി – അപാകതകൾ | 3-3 |
| ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിലെ ശമ്പളം നൽകിയ നടപടി – ക്രമവിരുദ്ധം | 3-4 |
| സേവന നികുതി കൃത്യമായി കണക്കാക്കി അടയ്ക്കാതിരുന്നതിനാൽ നഗരസഭയ്ക്ക് 15.8 ലക്ഷം രൂപയുടെ ബാധ്യത | 3-5 |
| ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 3-6 |
| അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയത് – നഗരസഭയ്ക്കുണ്ടായ ചെലവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയില്ല | 3-7 |
| കരാർ പ്രകാരമുള്ള ഇനങ്ങൾ പൂർത്തിയാക്കിയില്ല – പ്രവൃത്തി ക്ലോസ് ചെയ്ത് ഫൈനൽ പെയ്മെന്റ് നൽകി | 3-8 |
| കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും നിർവ്വഹണ ഏജൻസി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല – നഗരസഭയ്ക്ക് വരുമാന നഷ്ടം | 3-9 |
| ഇൻകം ടാക്സ് വസൂലാക്കിയതിൽ കുറവ് | 3-10 |
| ടെൻഡർ ഡിഡക്ഷൻ നടത്തിയിട്ടില്ല | 3-11 |
| മരുന്ന് ലഭ്യമായിട്ടില്ല | 3-12 |
| വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-13 |
| വഴിവിളക്ക് തെളിക്കുന്നതിനുള്ള സാധനം വാങ്ങലും പരിപാലനവും – സൂപ്പർവിഷൻ ചാർജ് അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ് | 3-14 |
| തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല – വൈദ്യുതി ചാർജ് ഇനത്തിൽ വലിയ തുക ബാധ്യത | 3-15 |
| വെള്ളക്കരം കുടിശ്ശിക – നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാധ്യത | 3-16 |
| കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കൽ | 3-17 |
| പി.എം.എ.വൈ. പദ്ധതി – കേന്ദ്ര/സംസ്ഥാന വിഹിതം ലഭ്യമായിട്ടില്ല | 3-18 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 3-19 |
| പെൻഷൻ ഫണ്ട് – നഗരസഭ പ്രതിമാസ വിഹിതം അടയ്ക്കുന്നില്ല | 3-20 |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | |
|---|---|
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-4 |


# ഭാഗം -1
# പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1/03/2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പിന്നീട് 09.3.17-ൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 1519131 | 14663897.27 | 13144766.27 | |
| വരവ് | 210560415 | 103773706 | | 106786709 |
| ആകെ | 212079546 | 118437603.27 | | 93641942.8 |
| ചെലവ് | 203209279 | 92838110 | | 110371169 |
| നീക്കിയിരിപ്പ് | 8870267 | 25599493.2 | 16729226.2 | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവിനും ചെലവിനും യഥാർത്ഥത്തിലുള്ള വരവു ചെലവുകളുമായി കോടികളുടെ അന്തരമുണ്ട്. ആയതിൽ നിന്നും നഗരസഭയുടെ വരവു ചെലവുകളെ കൃത്യമായി അപഗ്രഥിച്ചതിനുശേഷമല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് നഗരസഭയുടെ യഥാർത്ഥ നീക്കിയിരിപ്പിനെ സൂചിപ്പിക്കുന്നില്ല. RP40(b)-യിൽ നെഗറ്റീവ് തുക ചേർത്ത് (-746034) ടാലിയാക്കുകയാണ് ചെയ്തിരിക്കുന്നത്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2017 | 31.07.2017 | പ്രാഥമിക പരിശോധന നടത്തിയിട്ടില്ല |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

2016-17 വർഷത്തെ ധനകാര്യപത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയത് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയും അനുബന്ധമായി ചേർത്തിരിക്കുന്നു.)*

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14663897.27 |
| വരവ് | 103773706 |
| ആകെ | 118437603.27 |
| ചെലവ് | 92838110 |
| നീക്കിയിരിപ്പ് | 25599493.2 |

# 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21047457 | 21047457 | 17536736 | 3510721 | 83 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6105129 | 6105129 | 1628838 | 4476291 | 26.67 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16241409 | 16241409 | 5382172 | 10859237 | 33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5067663 | 5067663 | 5067472 | 191 | 99.9 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 27373417 | 27373417 | 7828804 | 19544613 | 28.6 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 4522335 | 4522335 | 1511196 | 3011139 | 33.4 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | പദ്ധതി ചെലവ് (ശതമാനം) |
|---|---|---|---|---|---|---|
| 211 | 101990326 | 99 | 40306613 | 112 | 46.9 | 39.5 |

2016-17 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2016/DPC/DPO/KTM തീയതി 9.09.20156 പ്രകാരം അംഗീകാരം ലഭിച്ചു.

**<u>പദ്ധതി ആസൂത്രണം</u>**

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 14.7.16 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 16.7.16 മുതൽ 29.7.16 തീയതികളിലും വികസനസെമിനാർ 1.8.16 തീയതിയിലും കൂടിയിട്ടുണ്ട്.

**<u>പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും</u>**

**<u>നേട്ടങ്ങൾ</u>**

നഗരസഭയുടെ ദീർഘകാല ആവശ്യങ്ങളായിരുന്ന ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ തൻവർഷം നടപ്പാക്കി.

1)മുനിസിപ്പൽ പാർക്കിലെ പഴയ കളിയുപകരണങ്ങൾ മാറ്റി 2694840 രൂപ ചെലവഴിച്ച് പാർക്ക് നവീകരിച്ചു.

2)പൊതു ശ്മശാനം അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കി.

3)വേമ്പനാട് കായലോരത്ത് ടൂറിസം വികസനങ്ങൾക്ക് ഒരു ചുവട് വെയ്പ്പ് എന്ന രീതിയിൽ 1169393 രൂപ ചെലവഴിച്ച് ബീച്ച് സൗന്ദര്യവത്കരിച്ചു.

**<u>കോട്ടങ്ങൾ</u>**

1)ആകെ അടങ്കലിന്റെ 39.5 % മാത്രം ചെലവഴിച്ചു.

2)എസ്.സി.പി ഫണ്ടിന്റെ ചെലവ് 26.67% മാത്രം.

3)സംരക്ഷണഗ്രാന്റ് റോഡിന്റെ ചെലവ് 33% മാത്രം.

4)മാലിന്യ നിർമ്മാർജ്ജനത്തിനായി വലിയ ഡമ്പിംഗ് യാർഡ് ഉണ്ടെങ്കിലും യാർഡ് നന്നാക്കുന്നതിനോ പൂർണ്ണമായി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനോ ഫലപ്രദമായി പ്രോജക്ട് നടപ്പാക്കിയില്ല.

5)പൊതു ടോയ്‌ലെറ്റുകളൊന്നുമില്ലാത്ത നഗരസഭയിൽ പബ്ലിക്ക് ടോയ്‌ലെറ്റ് നിർമ്മാണം എന്ന പ്രോജക്ട് (നമ്പർ 232/17) നടപ്പാക്കിയില്ല.

**<u>പദ്ധതി കാലയളവിലെ മികച്ച നേട്ടങ്ങൾ</u>**

1)തൻ വർഷം കേരള സർക്കാരിന്റെ ജൈവകൃഷി പ്രോൽസാഹനത്തിന് തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ള അവാർഡ് ലഭിച്ചു.

2)മികച്ച രീതിയിൽ സ്വാപ്പ് ഷോപ്പ് സംഘടിപ്പിച്ചതിന് ജില്ലയിൽ ഒന്നാം സ്ഥാനം.

# 1-7 തനത് വരുമാനം

ലഭ്യമായ വാർഷിക കണക്കുകൾ നഗരസഭയുടെ തനത് വരുമാനത്തെ കൃത്യമായി പ്രതിഫലിക്കുന്നില്ല.

ആയതിനാൽ ടി കണക്കുകൾ അംഗീകരിക്കാനാവില്ല. ജീവനക്കാരുടെ ശമ്പളം നൽകാൻ കഷ്ടപ്പെടുന്ന നഗരസഭ ലഭ്യമായ തനത് വരുമാന മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.

**തൻവർഷം തനത് വരുമാനത്തിൽ നഷ്ടമുണ്ടാകാനിടയായ സാഹചര്യങ്ങൾ ചുവടെ ചേർക്കുന്നു.**

1) വസ്തുനികുതി പുനർനിർണ്ണയം നടത്താനായില്ല.

2) മുനിസിപ്പൽ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ളക്സിലെ 45 മുറികളിൽ 19 മുറികൾ മാത്രമാണ് തൻവർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത്. റസ്റ്റ് ഹൗസിലെ റൂം നമ്പർ 14, 15, 16, 17 മുറികൾ ഒഴിഞ്ഞ് കിടന്നു. ടൗൺഹാളിലെ കോടതി പ്രവർത്തിക്കുന്ന മുറികളുടെ വാടക ലഭ്യമായില്ല.
3) ഇരുപത്തൊമ്പതോളം വാടകക്കാരിൽ നിന്നും പൂർണ്ണമായി വാടക ഈടാക്കാത്തതിനാൽ വലിയ തുക നഷ്ടം (ഖണ്ഡിക 2-9 കാണുക).

4) കോവിലകത്തുംകടവ് മൽസ്യമാർക്കറ്റ് ലേലം, പാർക്കിലെ ഐസ് ക്രീം കച്ചവടം, ഗ്രൗണ്ടിലെ ഡ്രൈവിംഗ് ടെസ്റ്റിന്റെ പിരിവ്, ദളവാക്കുളം ബസ് സ്റ്റാന്റ് ഫീസ് പിരിവ്, മുനിസിപ്പൽ ലോഡ്ജ് എന്നിവയുടെ ലേലത്തുകയിലായി വലിയ തുക കുടിശ്ശിക.

5) സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ കൃത്യമായി പിരിക്കുന്നില്ല.

**അഷ്ടമി വരവിൽ നേട്ടം**

പിന്നിട്ട വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അഷ്ടമി വരവിൽ വലിയ നേട്ടമാണ് തൻവർഷം ഉണ്ടായത്. കളക്ഷൻ താരതമ്യം ചുവടെ ചേർക്കുന്നു.

2014 ലെ കളക്ഷൻ – 27,81,750/-

2015 ലെ കളക്ഷൻ – 27,23,581/-

2016 ലെ കളക്ഷൻ – 40,13,781/-

**നേടിയെടുക്കാവുന്ന സാദ്ധ്യതകൾ**

1) പ്രൈവറ്റ് ബസ് സ്റ്റാന്റിന്റെ കിഴക്കുവശത്തുള്ള കടമുറികൾ നിലവിലുള്ള വാടകക്കാരുമായി നീക്ക്പോക്ക് നടത്തി കൂടുതൽ മുറികളുള്ള വലിയ കെട്ടിടം നിർമ്മിക്കുക.

2) കേരളമുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 230(4) പ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുക.

3) കേരളമുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 333 പ്രകാരം തീർത്ഥാടന സ്ഥലങ്ങൾക്കുമേൽ നിയന്ത്രണമുള്ള തദ്ദേശ സ്ഥാപനത്തിന് അംശാദായം ആവശ്യപ്പെടാവുന്നതാണ്. അഷ്ടമി ഉൽസവവുമായി ബന്ധപ്പെട്ട് നഗരസഭ ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾക്ക് സർക്കാരിൽ നിന്നും ഗ്രാന്റ് അവകാശപ്പെടാവുന്നതാണ്.

4) ബീച്ചിനോട് ചേർന്ന് ചലച്ചിത്ര വികസന കോർപ്പറേഷൻ അംഗീകരിച്ച സ്ഥലത്ത് തീയേറ്റർ ഉടൻ നിർമ്മിക്കുക.

5) ടൂറിസം വികസനത്തിന്റെ കൂടുതൽ സാദ്ധ്യതകൾ കണ്ടെത്തുക.
6) പാർക്ക്, ബീച്ച് എന്നിവ നവീകരിച്ചതിനാൽ നിലവിൽ നല്ല രീതിയിൽ ജനപ്രവാഹമുള്ളതിനാൽ എൻട്രി ഫീസ് നിശ്ചയിക്കാവുന്നതാണ്.

# 1-8 തനതു ഫണ്ട് ചെലവുകൾ

തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചർ നമ്പർ ക്രമത്തിൽ വൗച്ചറുകൾ അടുക്കി സൂക്ഷിച്ചിട്ടില്ല. ബിൽ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

# 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 144440 | 206 |
| കർഷകതൊഴിലാളി പെൻഷൻ | 3996740 | 1743 |
| വിധവാപെൻഷൻ | 6117590 | 2288 |
| വാർദ്ധക്യകാലപെൻഷൻ | 14659155 | 6803 |
| വികലാംഗപെൻഷൻ | 260860 | 908 |

# 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/9/2017ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 55329/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-11 ആഭ്യന്തരനിയന്ത്രണം.

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും അടിക്കടിയുള്ള ജീവനക്കാരുടെ സ്ഥലംമാറ്റം മൂലവും കൃത്യമായ മേൽനോട്ടങ്ങളുടെ അഭാവത്താലും സെക്ഷനുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകളും മറ്റു രേഖകളും 2016-17 കാലയളവിൽ യഥാവിധി പരിപാലിച്ചിട്ടില്ല. നാളിതുവരെ വസ്തുനികുതി പുനർനിർണ്ണയം നടത്താനാവാത്തത് ഗുരുതരമായ വീഴ്ചയാണ്.

നഗരസഭയുടെ തനത് വരുമാനമാർഗ്ഗങ്ങളായ കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ്, വാടക, ലേലം എന്നിവയുടെ പിരിവ് കാര്യക്ഷമമല്ല. വാടക/ലേലം ഇനത്തിൽ കുത്തകക്കാരുമായി കരാറിലേർപ്പെടാത്തതിനാൽ തുക ഈടാക്കുന്നതിന് തടസ്സമാകുന്നു.

നഗരസഭയിലെ നാല് ജീവനക്കാരുടെ സേവനപുസ്തകങ്ങൾ മോഷണം പോയത് അതീവ ഗുരുതരമായ കൃത്യവിലോപമാണ്. സെക്ഷൻ ക്ലർക്കിനെ സസ്പെന്റ് ചെയ്യുകയും പോലീസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടും നാളിതുവരെ ടി വിഷയത്തിൽ യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ശ്മശാന നിർമ്മാണത്തിന്റെ ഫയൽ കാണാതായതും പോലീസ് അന്വേഷണത്തിന് ശുപാർശ ചെയ്തിരിക്കുകയാണ്.

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ പൊതുവേ തൃപ്തികരമാണ്. എന്നാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ കണക്കുകൾ പാസ്സാക്കുന്നില്ല. 5.11.16 ൽ ചേർന്ന ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി 8/16, 9/16 മാസങ്ങളിലെ ചെലവ് അംഗീകരിച്ചിട്ടുണ്ട്. പിന്നീടുള്ള കമ്മറ്റികളിൽ 10/16 മുതലുള്ള വരവ്-ചെലവുകൾ പാസ്സാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ വരവിനങ്ങളുടെ ഡി.സി.ബി നിർണ്ണയിച്ചിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

# 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | തീയതി |
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2010-11 | F-520/09 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/07/2016 മുതൽ 05/08/2016 വരെ | 2012-13 മുതൽ 2015-16 വരെ | LBA(HQ/I1/ 8A-2485/197 |

# 1-13 ഓഡിറ്റ് ഇംപാക്ട്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ട് നം.57/17 – അങ്കണവാടികളിൽ പോഷകാഹാരം എന്ന പദ്ധതിയിൽ 19.10.2016-ൽ മെ.വി ഹെൽത്ത് & പ്രോഗ്രസ്സ് ന്യൂട്രിമിക്സ് യൂണിറ്റ്, ഉദയനാപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 874.125 കി.ഗ്രാം ന്യൂട്രിമിക്സിന്റെ തുകയായി 48,950/- രൂപ നൽകിയിരുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 816.75 കി.ഗ്രാം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.16/16-17 നൽകിയതിന്റെ അടിസ്ഥാനത്തിൽ അധികം കൈപ്പറ്റിയ 3,213/- രൂപ 25.09.17-ൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ അടച്ചിട്ടുണ്ട്.

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വാർഷിക കണക്കുകളുടെ അവലോകനം.

1. വാർഷികകണക്കിൽ മുൻവർഷത്തെ RP40(b) പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് തുകയും RP40(a) തൻ വർഷത്തെ പ്രാരംഭബാക്കി തുകയും തമ്മിൽ 60530/-രൂപയുടെ വ്യത്യാസം (13,467,358.27-13,406,828.27=60530/-രൂ) കാണുന്നു.

2. RP40 (b)ൽ തൻവർഷം ആരംഭിച്ച PMAYA/c -ൽ 31.03.17-ൽ 36,00,000/- രൂപ നീക്കിയിരിപ്പുള്ളത് നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. RP40 (b)ൽ ട്രഷറി അക്കൗണ്ടിൽ (തനത് ഫണ്ട് അക്കൗണ്ട്-TSBA/c-11) നീക്കിയിരിപ്പ് തുക മൈനസ് ബാലൻസ് ആയിചേർത്തിരിക്കുന്നു. (- 746,034). (നീക്കിയിരിപ്പ് ടാലിയാക്കാൻ ചെയ്തതാണിത്).

4. വാർഷിക കണക്കിൽ വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല.
പാസ്ബുക്ക് നീക്കിയിരിപ്പ് തുകയും, വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം കാണുന്നു. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | ബാങ്കിന്റെപേര്, അക്കൗണ്ട് നമ്പർ | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.17) | ബാങ്ക്പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.17 |
|---|---|---|---|
| 1. | എസ്സ്.ബി.റ്റി.(57039365397) | 5036,820.38 | 2055,957 |
| 2. | ഐസി.ഐസി.ഐ(117105000389) | 6,690,486 | 9,93,200 |
| 3. | കോട്ടയം ഡിസ്ട്രിക്ക് കോപ്പറേറ്റീവ് ബാങ്ക് (സാക്ഷരതാ അക്കൗണ്ട്-050081200402948 | 37,183 | 26204 |
| 4. | യൂണിയൻ ബാങ്ക് (അയ്യൻകാളി-553702010005561) | 3,504,193 | 35,05,898 |
| 5. | കോട്ടയം ഡിസ്ട്രിക്ക് കോപ്പറേറ്റീവ് ബാങ്ക് | 5,105,919 | 2420623 |

| | | | |
|---|---|---|---|
| | (ഇ.എം.എസ്സ് ലോൺ-) | | |
| 6. | ഫെഡറൽ ബാങ്ക്, വൈക്കം | -704,278 | 11,91,298 |
| 7. | സബ് ട്രഷറി, വൈക്കം -11 | -746,034 | 1,595,147 |
| 8. | സബ് ട്രഷറി, വൈക്കം-140 | 219,301 | 5170 |
| 9. | സബ് ട്രഷറി വൈക്കം-124 | 1384,255 | 2306 |

5 . RP40 (b) ൽ വികസനഫണ്ട് (എസ്സ്.സ്സി.പി) നെഗറ്റീവ് ബാലൻസായും, ജനറൽ ഫണ്ട് സീറോ ബാലൻസായും ചേർത്തിരിക്കുന്നു.

6. പ്രധാന നികുതിഇനങ്ങളായ വസ്തുനികുതി, തൊഴിൽനികിതി, വാടക, ലേലം, പരസ്യനികുതി, എന്നിവയുടെയും ഡി&ഒ ലൈസൻസിന്റെയും ഡിമാന്റ് കളക്ഷൻ രജിസ്റ്റർ/കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. അതിനാൽ വാർഷിക കണക്കിലെ B15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിയില്ല.

7. ബാലൻസ്ഷീറ്റിലെ B5 ഷെഡ്യൂളിൽ ബുക്ക് ചെയ്തിരിക്കുന്ന KURDFC,EMSലോൺ എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ കഴിയില്ല.

8. B6 ഷെഡ്യൂളിൽ ബാങ്ക് ലോൺ ഇനത്തിൽ കാണിച്ചിട്ടുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ കൃത്യത വ്യക്തമായി പരിശോധിക്കുവാൻ കഴിയില്ല.

9. B7 ഷെഡ്യൂളിൽ വിവിധ ഇനങ്ങളിലായി 859,7708/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും ഡിപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഇത് ഏതൊക്കെ ഇനത്തിൽ ലഭിച്ചിട്ടുള്ളതാണെന്ന് കൃത്യമായി പരിശോധിക്കുവാൻ കഴിയുന്നില്ല.

10. B12 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ ഇക്ക്യൂറ്റിഷെയർ- 2627027/-രൂര രേഖപെടുത്തിയിട്ടുണ്ട്. ഇതിന്റെ രേഖകൾ ഹാജരാക്കത്തതിനാൽ കൃത്യതപരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

11. B14 ഷെഡ്യൂളിൽ ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 107513/-രൂപ രേഖപെടുത്തിയിട്ടുണ്ട്. കൃത്യത പരിശോധിക്കുവാൻ അനുബന്ധരേഖകളും രജിസ്റ്ററുകളും ലഭ്യമായിരുന്നില്ല.

മേൽ പരാമർശങ്ങൾ കാണിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-28/17) രേഖകൾ സഹിതം മറുപടി ഹാജരാക്കിയില്ല.

. ഡി.ബി.റ്റി സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്ത പെൻഷന്റെ വരവും ചെലവും I-6 ലും I-14 ലും ചേർത്തിട്ടില്ല.

# 2-2 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിൽക്കുന്നു.

2016-17 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ RP40(a) ൽ നാളുകളായി ഇടപാടുകൾ ഇല്ലാത്ത ആറു ബാങ്ക് അക്കൗണ്ടുകൾ കാണുന്നു. ഈ അക്കൗണ്ടുകൾ ആരംഭിച്ചത് സംബന്ധിച്ച രേഖകൾ, പാസ്ബുക്കുകൾ എന്നിവ പരിശോധനയിൽ ലഭ്യമായില്ല. ആയതിനാൽ ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ തനത്ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്കിന്റെപേര് | അക്കൗണ്ട് നം. | നിലനിൽക്കുന്ന ബാലൻസ് തുക |
|---|---|---|---|
| 1. | അർബൻകോ ഓപ്പറേറ്റീവ് ബാങ്ക്-വൈക്കം | 5776 | 833.50 |
| 2. | സൗത്ത് ഇൻഡ്യൻ ബാങ്ക്, വൈക്കം | 2304 | 0 |
| 3. | കോട്ടയം ഡിസ്റ്റിക്ട് കോപ്പറേറ്റീവ് ബാങ്ക്. | 165 | 250,349 |
| 4. | എസ്.ബി.റ്റി. | 70125 | 3589 |

| | | | |
|---|---|---|---|
| 5. | ധനലക്ഷ്മി ബാങ്ക്(NRY) | 8716 | 8680.39 |
| 6. | ധനലക്ഷ്മി ബാങ്ക് | 174 | 0 |

# 2-3 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ കുറവ്

സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, പെട്രോൾ പമ്പുകൾ എന്നിവരുടെ അർദ്ധവർഷ തൊഴിൽ നികുതി 1250/- രൂപ ആണെന്നിരിക്കെ കുറവ് തുക ഡിമാന്റ് ചെയ്യുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിഭാഗം/ വ്യക്തികൾ | ഡിമാന്റ് ചെയ്ത തുക |
|---|---|---|
| 1 | ബാലചന്ദ്രൻ, ഫ്യൂവൽസ് & ഓയിൽസ് | 300 |
| 2 | ഡോ. ബിബിൻ സി.പി., തനശുദ്ധി ആയുർവ്വേദ ക്ലിനിക്ക് | 180 |
| 3 | ഡോ. അനൂപ് കുമാർ, ദന്തൽ ആശുപത്രി | 1000 |
| 4 | ഡോ. സിറിയക് ജോസഫ് ഹോമിയോ കൺസൽട്ടൻസ് | 750 |
| 5 | ഡോ. ജോസഫ് പുന്നൂസ് | 1000 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.07 ന് ക്രമ നം. 2, 5 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് വരും കാലയളവുകളിൽ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി കുറവായി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്ന് ക്രമപ്രകാരമുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

# 2-4 അഭിഭാഷകർ, വാഹന ഉടമകൾ, സ്വകാര്യ ഡോക്ടർമാർ, കരാറുകാർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 (2)-ൽ ഉൾപ്പെടുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, ചട്ടം 3(9) ൽ ഉൾപ്പെടുന്ന മോട്ടോർ വാഹന നിയമപ്രകാരം വാടകയ്ക്ക്, സ്റ്റേജ് ക്യാരിയർ, അല്ലെങ്കിൽ ഗുഡ്സ് ക്യാരിയർ ആയി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകൾ, ചട്ടം 3(10) ൽ ഉൾപ്പെടുന്ന കരാറുകാർ എന്നിവരിൽനിന്ന് തൊഴിൽനികുതി പിരിച്ചെടുക്കുന്നതിൽ നഗരസഭക്ക് വലിയ വീഴ്ച സംഭവിച്ചിട്ടുണ്ട്. തൊഴിൽ നികുതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ ഒരു അഭിഭാഷകൻ മാത്രമാണ് 2016-17 വർഷം തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. നഗരസഭാ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ അവരുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും അവർ അടക്കേണ്ടിയിരുന്ന തൊഴിൽ നികുതി ആരും തന്നെ അടച്ചിട്ടില്ല. നഗരസഭാ പരിധിയിൽ പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകർ, വൈദ്യൻമാർ, പാരാമെഡിക്കൽ വിധഗ്ധർ, സ്വകാര്യ ഡോക്ടർമാർ തുടങ്ങിയവരുടെ ആധികാരികമായ ലിസ്റ്റ് നഗരസഭ തയ്യാറാക്കേണ്ടതാണ്. ലോറി, ട്രക്ക്, ബസ് ഉടമകൾ ടാക്സി വാഹന ഉടമകൾ (രണ്ടിലധികം കാർ, വാൻ, ജീപ്പ്,) ചരക്ക് കയറ്റുന്നത്/യാത്രക്കാരെ കയറ്റുന്നതിനായുള്ള മൂന്നിലധികം ഓട്ടോറിക്ഷ ഉള്ളവർ എന്നിവരിൽ നിന്ന് പരമാവധി 1,250/- രൂപ അർദ്ധ വർഷ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ വൈക്കം നഗരസഭയിൽ ഇതുവരെ ഈ ഇനത്തിൽ ഒരു രൂപ പോലും നികുതി പിരിച്ചെടുത്തിട്ടില്ല. ചട്ടങ്ങളിലെ 3 (10) ചട്ടം പ്രകാരം കരാറുകാരിൽ നിന്ന് 1250/- രൂപ വരെ അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കാം എന്നിരിക്കെ ഒരു കരാറുകാരനിൽ നിന്നുപോലും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഈ നഗരസഭയെ സംബന്ധിച്ചിടത്തോളം നിയമപരമായി പിരിച്ചെടുക്കാമായിരുന്ന നികുതികൾപോലും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ

ജാഗ്രത പുലർത്തുന്നില്ല എന്നത് വളരെ ഗൗരവമായി കാണേണ്ടതാണ്. ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-5 തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക

2016-17-ലെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വളരെയധികം സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി/തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൊച്ചുമുത്തനാട്ടിൽ ഫിനാൻസ് | I'st & II'nd |
| 2 | കള്ളുഷാപ്പുകൾ നം 3&4 | I'st & II'nd |
| 3 | കളരിക്കൽ സ്റ്റോഴ്സ് | I'st & II'nd |
| 4 | MCS മുട്ട വ്യാപാരം | I'st & II'nd |
| 5 | തൂഫാൻ ഡിസൈൻ | I'st & II'nd |
| 6 | അനുപമ ഡ്രൈവിംഗ് സ്കൂൾ | I'st & II'nd |
| 7 | സദാനന്ദൻ ഓട്ടോ കൺസൽട്ടൻസ് | I'st & II'nd |
| 8 | രേവതി ഫിനാൻസ് | II'nd |
| 9 | ഇടത്തിൽ മുട്ട വ്യാപാരം | I'st & II'nd |
| 10 | റിലയൻസ് ജനറൽ ഇൻഷ്വറൻസ് | I'st & II'nd |
| 11 | ബില്ല ഹൈപ്പർ മാർക്കറ്റ് | I'st & II'nd |

<u>തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ</u>

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ ESI ഡിസ്പെൻസറി, വൈക്കം | I'st & II'nd |
| 2 | ആർ. ബി. എൻ സോളാർ, വൈക്കം | I'st & II'nd |
| 3 | കരുവേലിമറ്റം ചിറ്റ്സ് | I'st & II'nd |
| 4 | വൈക്കം മോട്ടോഴ്സ് | I' st |
| 5 | പോപ്പുലർ ഫിനാൻസ് | I' st |
| 6 | അനുഗ്രഹ ഫിനാൻസ് | I'st & II'nd |
| 7 | ജി.ടെക് കമ്പ്യൂട്ടേഴ്സ് | I'st & II'nd |
| 8 | ഭാരത് ഗ്യാസ് ഏജൻസീസ് | I'st & II'nd |
| 9 | ടൗൺ കയർ വ്യവസായ സഹകരണ സംഘം | I'st & II'nd |
| 10 | മറ്റപ്പള്ളി ഫിനാൻസ് | I'st & II'nd |
| 11 | ഡോ. പ്രിയാ ദന്തൽ ക്ലിനിക്ക് | I'st & II'nd |

| | | |
|---|---|---|
| 12 | താലൂക്ക് ലീഗൽ സർവ്വീസ് | II'nd |
| 13 | ഖാദി ഷോറും | I'st & II'nd |
| 14 | വലിയകുളങ്ങര ദന്തൽ ക്ലിനിക്ക് | II'nd |
| 15 | വി.എസ്.എം ഹോസ്പിറ്റൽ | II'nd |
| 16 | വൈക്കം എയ്ഡഡ് സ്കൂൾടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II'nd |
| 17 | മണപ്പുറം ഫിനാൻസ് | I'st & II'nd |
| 18 | BSNL വൈക്കം | II'nd |
| 19 | KTDC വൈക്കം | II'nd |
| 20 | KSBC വൈക്കം | I'st & II'nd |
| 21 | മിനി മുത്തൂറ്റ് നിധി കേരള | I'st & II'nd |
| 22 | കൂടല്ലി ഫാഷൻസ് | I'st |
| 23 | കൂടല്ലി മെൻസ് വേൾഡ് | II'nd |
| 24 | കൂടല്ലി സിൽക് & സാരീസ് | I'st & II'nd |
| 25 | കൂടല്ലി ചുരിദാർ ഹൗസ് | I'st & II'nd |
| 26 | കൃഷ്ണ ടെക്സ്റ്റൈയിൽസ് | II'nd |
| 27 | അക്വറിയാസ് ഹോട്ടൽ | I'st & II'nd |
| 28 | ഐശ്വര്യാ കളക്ഷൻസ് | II'nd |
| 29 | ഐശ്വര്യാ ടൈൽസ്& ഗ്രാനൈറ്റ്സ് | II'nd |
| 30 | അനുപം ദന്തൽ ക്ലിനിക്ക് | I'st & II'nd |
| 31 | പഴേമഠം ജൂവൽസ് | I'st & II'nd |
| 32 | വേമ്പനാട് ഹോട്ടൽ | I'st & II'nd |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 07 ന് തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് മറുപടി നൽകുകയും ആയത് പരിഗണിക്കുകയും ചെയ്തിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 253, 254, 256 വകുപ്പുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം വിശദാംശങ്ങൾ നൽകാനും നികുതി ബാദ്ധ്യസ്ഥനായ ഏതെങ്കിലും ഓഫീസ് മേധാവിയോ, തൊഴിൽ ഉടമയോ നിർദ്ദിഷ്ട സമയത്തിനുള്ളിൽ വിവരങ്ങൾ നൽകാതിരിക്കുകയോ നികുതി അടയ്ക്കാതിരിക്കുകയോ ചെയ്താൽ സെക്രട്ടറി അവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന 2005-ലെ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 11 ലെ വ്യവസ്ഥ നഗരസഭയിൽ പാലിക്കപ്പെടുന്നില്ല. നികുതി കുടിശ്ശിക പെരുകുന്നതിന് ഇത് കാരണമാകുന്നു.

നികുതി അടയ്ക്കാത്ത സ്ഥാപനങ്ങൾ/സ്ഥാപന മേധാവികൾ എന്നിവർക്കെതിരെ യഥാസമയം ശിക്ഷാ നടപടികൾ കൈക്കൊണ്ട് നികുതികൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

# 2-6 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

പരിശോധനയ്ക്ക് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വൈക്കം നഗരസഭയുടെ 26വാർഡുകളിലായി 1141 സ്ഥാപനങ്ങളെ സ്ഥാപന തൊഴിൽ നികുതിക്കായി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി ആകെ 228 സ്ഥാപനങ്ങളെ മാത്രമാണ് അസസ്സ് ചെയ്തിട്ടുള്ളത്. അതിൽ തന്നെ ഭൂരിഭാഗവും ഗവൺമെന്റ് സ്ഥാപനങ്ങളാണ്. വൈക്കം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വലിയ വീഴ്ച വരുത്തുന്നതായി കാണുന്നു. സെക്രട്ടറി ഓരോ

വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും 1994- ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ, സ്ഥാപനങ്ങളിലേയോ ജീവനക്കാരുടെ പേരുവിവരങ്ങൾ 2005- ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ അനുശാസിക്കും പ്രകാരം V-ാം നമ്പർ ഫോറത്തിലുള്ള നോട്ടീസ് നൽകി വിവരം ശേഖരിച്ചിട്ടില്ല. ആയതിനാൽ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളുടേയും ഓഫീസുകളുടേയും കൃത്യമായ വിവരം നഗരസഭയിൽ ലഭ്യമല്ല. ആക്ടിലും റൂളിലും അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് തൊഴിൽ നികുതി ഒടുക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-7 തൊഴിൽ നികുതി രജിസ്റ്ററുകൾ - അപാകതകൾ

വൈക്കം നഗരസഭയുടെ 2016-17 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ അപൂർണ്ണവും ആധികാരികത ഇല്ലാത്തതുമാണ് പ്രസ്തുത രജിസ്റ്ററിൽ നികുതി ഈടാക്കിയ സ്ഥാപനത്തിന്റെ പേര്, ജീവനക്കാരുടെ പേര് വിവരങ്ങൾ, അർദ്ധവാർഷിക വരുമാനം, ഓരോ ജീവനക്കാരനിൽനിന്നും ഈടാക്കിയ തൊഴിൽ നികുതി, സ്ഥാപനത്തിൽ നിന്ന് ആകെ ഈടാക്കിയ നികുതിയുടെ രസീത് വിവരങ്ങൾ തുടങ്ങിയ പ്രധാനപ്പെട്ട വിവരങ്ങളൊന്നും ചേർത്തതായി കാണുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിൽ 21 മുതൽ 26 വരെ വാർഡുകളിലെ സ്ഥാപനങ്ങളിലെ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തൊഴിൽ നികുതി രജിസ്റ്ററിലും 17 മുതൽ 26 വരെ വാർഡുകളിലെ സ്ഥാപനങ്ങൾ സംബന്ധമായ വിവരങ്ങളൊന്നും സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററിലും ചേർത്തിട്ടില്ല. കൂടാതെ തൊഴിൽ നികുതി രജിസ്റ്ററുകളിൽ പേജുതോറും തുകകൾ കൂട്ടി അബ്സ്ട്രാക്റ്റ് തയ്യാറാക്കുകയോ അവസാന പേജിൽ D C B തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത രജിസ്റ്ററുകളിലെ അപാകതകൾ പരിഹരിച്ച് പരിശോധനാ സജ്ജമാക്കി ഓഡിറ്റിന് പുനഃസമർപ്പിക്കേണ്ട വിഷയത്തിലേക്ക് സെക്രട്ടറിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

# 2-8 വസ്തു നികുതി പരിഷ്ക്കരണം പ്രാരംഭദിശയിൽ

14.01.2011 ലെ സർക്കാർ ഉത്തരവ് (അ) നം. 18/2011 ത.സ്വ. ഭ. വ. പ്രകാരം നഗരസഭകളിൽ കെട്ടിടങ്ങളുടെ അടിത്തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരിച്ചു കൊണ്ട് 2011ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ചുകൊണ്ട് 18.02.2012ലെ R1 3542 നമ്പരായി നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചു. 20.01.2014ലെ R1/3542/2007 നമ്പർ ഉത്തരവ് പ്രകാരം എല്ലാ വാർഡുകളിലുമുള്ള കെട്ടിടങ്ങളുടെ ഏരിയ അളന്ന് ബന്ധപ്പെട്ട ഫോറത്തിൽ വിവരശേഖരണം നടത്തുന്നതിന് ജീവനക്കാരേയും അങ്കണവാടി, കുടുംബശ്രീ പ്രവർത്തകരേയും ചുമതലപ്പെടുത്തിയിരുന്നെങ്കിലും നടപടികൾ പൂർത്തിയാക്കാതെ പരിഷ്ക്കരണനടപടികൾ 2015ഓടെ നിർത്തിയിരുന്നു. സർക്കാർ ഉത്തരവ് (എം. എസ്)371/13 ത.സ്വ.ഭ.വ തീയതി 2.12.13 ഖണ്ഡിക 4-ൽ വസ്തു നികുതി നിർണ്ണയത്തിനായി ഇൻഫോർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയർ ഉപയോഗിക്കാമെന്ന് വ്യക്തമാക്കുന്നെങ്കിലും ഇതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പരിഷ്കരണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വകുപ്പ് ആരാഞ്ഞതിന്റെ (തദ്ദേശസ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 21/08/2017 ലെ 214/എഫ്. എം 1/2017/ ത സ്വ. ഭ. വ. നമ്പർ കത്ത്) നടപടികൾ പുനരാരംഭിക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനിക്കുകയും ആവശ്യമായ ഫോറം 2,6, അനുബന്ധം 2 എന്നിവ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങുന്നതിന് അംഗീകാരം നൽകുകയും ചെയ്തു. പരിഷ്കരണ നടപടികൾ കൃത്യമായി നിരീക്ഷിക്കാത്തതിൽ നിന്നും വിവരശേഖരണം മുതൽ പുനരാരംഭിക്കേണ്ട അവസ്ഥയാണ് നഗരസഭയ്ക്കുള്ളത്. ഇത് തനതു വരുമാനം വളരെ കുറവായ നഗരസഭയ്ക്ക് അധികസാമ്പത്തിക ബാദ്ധ്യത വരുത്തുന്നതിനിടയാക്കുന്നു. മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ളവയുടെ വസ്തുനികുതി പുനർനിർണ്ണയം അടിയന്തിരമായി പൂർത്തിയാക്കി കുടിശ്ശിക തുക ഉൾപ്പെടെ ഈടാക്കേണ്ടതാണ്. കൗൺസിൽ മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്

# 2-9 വാടക പൂർണ്ണമായും ഈടാക്കിയില്ല

താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരന്റെ പേര് | 2016-17 വർഷത്തെ നിരക്ക് (വാടക + സർവീസ് ടാക്സ്) | ഈടാക്കാത്ത മാസങ്ങൾ | നഷ്ടം | |
|---|---|---|---|---|---|---|
| | | | | | വാടക | സർവീസ് ടാക്സ് |
| 1 | കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 17 | യു. ഉലഹന്നാൻ ചാണ്ടിച്ചിറ | 1278+192 | 4/16-3/17 | 15336 | 2304 |
| 2 | കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 18 | M.P. രമണൻ വടക്കേത്തറ | 1704+256 | 9/16-3/17 | 11928 | 1792 |
| 3 | കച്ചേരിക്കവല ഷോപ്പിങ്ങ് കോംപ്ലക്സിലെ മുറി നം 24 | M.P. രമണൻ വടക്കേത്തറ | 160+24 | 7/16-3/17 | 1440 | 216 |
| 4 | Taxistand shop Room | യഹിയ റാവുത്തർ ഷീബ മൻസിൽ | 3157+474 | 4/16-3/17 | 37884 | 5688 |
| 5 | Bus Stand Shop Room നം 4 | സെക്രട്ടറി കോട്ടയം ജില്ലാ മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ | 202+30 | 4/16-3/17 | 2424 | 360 |
| 6 | Bus Stand Shop Room നം 5 | സെക്രട്ടറി വൈക്കം താലൂക്ക് മോട്ടോർ തൊഴിലാളി യൂണിയൻ | 202+30 | 4/16-3/17 | 2424 | 360 |
| 7 | Bus Stand ഷോപ്പ് റൂം നം 1 | സീനാ ഷാജി,വല്ലൂത്തറ | 1012+152 | 8/16-3/17 | 8096 | 1216 |
| 8 | Bus Stand ഷോപ്പ് റൂം നം 3 | കെ.വി ഷാജി കോട്ടപ്പള്ളി | 890+134 | 5/16-3/17 | 9790 | 1474 |
| 9 | Bus Stand പുറംപോക്ക് റൂം നം 1 | സീന ഷാജി,വല്ലൂത്തറ | 4319+648 | 9/16-3/17 | 30233 | 4536 |
| 10 | Bus Stand പുറംപോക്ക് റൂം നം 4 | അജിമോൻ,മുട്ടത്താഴത്ത് | 1245+187 | 8/16-3/17 | 9960 | 1496 |
| 11 | Bus Stand പുറംപോക്ക് റൂം നം 8 | എം.എസ് ശിവകുമാർ,മുട്ടത്താഴത്ത് | 2003+300 | 3/17 | 2003 | 300 |
| 12 | Bus Stand പുറംപോക്ക് റൂം നം 9 | ഗൗരികൊച്ചനിയൻ,മുട്ടത്താഴത്ത് | 477+72 | 4/16-3/17 | 5724 | 864 |
| 13 | ബസ് സ്റ്റാന്റ് ഓഫീസ് കോംപ്ളക്സ് | ജോയിന്റ് ആർ.ടി.ഒ,വൈക്കം | 12429+1864 | 4/16-3/17 | 149148 | 22368 |

| | | | | | | |
|---|---|---|---|---|---|---|
| 14 | ദളവാക്കുളം ബസ് ടെർമിനൽ, റൂം നം 1 താഴത്തെ നില | കെ.സി ജോസഫ് കോട്ടക്കടവിൽ | 883+132 | 4/16-3/17 | 10596 | 1584 |
| 15 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 1 താഴത്തെ നില | ലക്ഷ്മിക്കുട്ടിയമ്മ ബാബു സദനം | 2994+449 | 9/16-3/17 | 20958 | 3143 |
| 16 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 2 താഴത്തെ നില | നടേശൻ മുഴവഞ്ചേരിൽ | 2994+449 | 9/16-3/17 | 20958 | 3143 |
| 17 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 4, 5, 6, 7 | മുരുകൻ, ഇന്ദുവൈഷ്ണവിഭവൻ | 11602+1740 | 5/16-3/17 | 127622 | 19140 |
| 18 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 8 | മോനിഷ കെ.എം കോനാരിൽ | 2994+449 | 10/16-3/17 | 17964 | 2694 |
| 19 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 10 | M.G.സലീൽ, ഐക്കരമഠം | 2994+449 | 4/16-3/17 | 35928 | 5388 |
| 20 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 12 | ലക്ഷ്മിക്കുട്ടിയമ്മ ബാബു സദനം | 2994+449 | 9/16-3/17 | 20958 | 3143 |
| 21 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 18 | ശ്രീ. അജിത്ത് MLA Office | 2851+428 | 4/16-3/17 | 34212 | 5136 |
| 22 | തറ വാടക | മുരുകൻ ഇന്ദുവൈഷ്ണവിഭവൻ | 1124+169 | 6/16-3/17 | 11240 | 1690 |
| 23 | മുനിസിപ്പൽ ഷോപ്പിങ്ങ് കോപ്ലക്സ് റസ്റ്റ് ഹൗസ് റൂം നം 19 | ലെനിൻ സി.പി ചെത്തിമറ്റം | 2994+449 | 11/16-3/17 | 14970 | 2245 |
| 24 | മുനിസിപ്പൽ ബസ് സ്റ്റാൻഡ് കോംപ്ലക്സ് റൂം നം 24 | P.R. സുമതിയമ്മ ചിറ്റേത്ത് | 2750+413 | 4/16-3/17 | 33000 | 4956 |
| 25 | മുനിസിപ്പൽ ബസ് സ്റ്റാൻഡ് കോംപ്ലക്സ് റൂം നം 38 | സുജാത രവീന്ദ്രൻ മുത്തയിൽ വീട് | 3240+486 | 4/16-3/17 | 38880 | 5832 |
| 26 | മുനിസിപ്പൽ ബസ് സ്റ്റാൻഡ് കോംപ്ലക്സ് റൂം നം 3-7, 15 | കൽപ്പക സൂപ്പർമാർക്കറ്റ് | 10507+1576 | 9/16-3/17 | 73546 | 11032 |

കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖാമൂലം വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ3/19.9.17) ചുവടെ ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കുകയുണ്ടായി.

ക്രമനമ്പർ 4, 7, 8, 9, 10 എന്നീ വാടകക്കാരുമായി നിലവിൽ കോടതിയിൽ വാടക കുടിശ്ശിക, കീഴ് വാടക കേസുകളുള്ളതായാണ് മറുപടി ലഭ്യമായത്. ടി കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി കുടിശ്ശിക തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ക്രമനമ്പർ 19, 22, 25, 28 എന്നിവർ മുറിയൊഴിയാൻ അപേക്ഷ നൽകിയിട്ടുണ്ടെന്നും കുടിശ്ശിക തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ തട്ടിക്കിഴിക്കുമെന്നും മറുപടി ലഭ്യമാക്കി.

പലതവണ നോട്ടീസ് നൽകിയിട്ടും പ്രതികരിക്കാത്തവരിൽ നിന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

അവശേഷിക്കുന്ന 18 വാടകക്കാരിൽ നിന്നും നാളിതുവരെയുള്ള പലിശ സഹിതം കുടിശ്ശിക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 2-10 വാടക-നിരവധി മുറികൾ ഒഴിഞ്ഞുകിടക്കുന്നു

**1) മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ്**

1. നഗരസഭയുടെ മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സിലെ 10, 11, 13, 14, 15, 19, 21, 26, 28, 29, 30, 32, 35, 36, 37 എന്നീ മുറികൾ വാടകയ്ക്ക് നല്കിയതായി കാണുന്നില്ല. മുറികൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ വാടകയിനത്തിൽ സ്ഥാപനത്തിന് ലഭിക്കേണ്ട തുക നഷ്ടമായി. 45 മുറികളുള്ളതിൽ 19 മുറികളിൽ നിന്നു മാത്രമാണ് വരുമാനമുള്ളത്. മുറികൾക്ക് നിർണ്ണയിച്ച വാടക, വാടകയ്ക്ക് നൽകാതിരുന്നതിന്റെ കാരണം എന്നിവ രേഖാമൂലം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 2/19.9.17) ലഭ്യമായ മറുപടി പ്രകാരം റൂം നമ്പർ 10, 11, 13, 14, 19, 21, 32, 35 എന്നിവ പുനർലേലങ്ങൾ നടത്തിയിട്ടും നാളിതുവരെ ആരും വാടകയ്ക്കെടുക്കാൻ തയ്യാറായില്ല എന്ന് വ്യക്തമാക്കി. 15, 26, 28, 29, 30, 36, 37 എന്നിവ 2017-18 ൽ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

**2. മുറികൾ ഏറ്റെടുത്തതായി കാണുന്നില്ല**

മുനിസിപ്പൽ ബസ്സ്റ്റാൻഡ് കോംപ്ലക്സിലെ താഴെ പറയുന്ന മുറികൾ വ്യക്തികൾക്ക് അനുവദിച്ചതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . ഇവരിൽ നിന്നും വാടക ഡിമാന്റ് ചെയ്തിട്ടില്ല.

| വാടകക്കാരന്റെ പേര് | റൂം നം. |
|---|---|
| സിന്ധു രമേശ് വളമംഗലം | 1 |
| അജിത്ത് കുമാർ, ഞാറവേലിൽ | 8 |
| പ്രവീൺ സി,ചെമ്പോലിൽ | 9 |
| രാഹുൽ,ചുമത്ത് | 12 |
| ഹരി കെ. നായർ, പള്ളിക്കുന്നേൽ | 16,17 |
| സജീവ്, ഗോകുലം | 20 |
| T.K.രാധാകൃഷ്ണൻ, T.K. ഭവൻ | 22 |
| ചന്ദ്രൻ, നികത്തിൽ | 23 |
| സിനിയ റഫീക്ക്, മണ്ണംകേരിൽ | 25 |
| V.വാസുദേവൻ നായർ ശ്രീകൃഷ്ണ | 31 |
| പീതാംബരൻ, തെക്കേപ്പുറത്ത് | 33 |
| ബാബു ആർ, മുരിങ്ങത്തറ | 34 |
| A.ഷാജി, പത്തുപറയിൽ | 42 |

ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ളക്സിന്റെ അശാസ്ത്രീയമായ നിർമ്മാണം മൂലവും മഴക്കാലത്ത് വെള്ളക്കെട്ടുണ്ടാകുന്നതിനാലും മുറികൾ വാടകയ്ക്കെടുക്കാൻ ആൾക്കാർ വിമുഖത കാണിക്കുന്നു. ഏതാണ്ട് ഏഴ് വർഷങ്ങൾക്ക് മുമ്പ് പണിത ഷോപ്പിംഗ് കോംപ്ളക്സിന്റെ മുറികൾക്ക് മുൻകൂർ ഡെപ്പോസിറ്റ് നൽകിയിരുന്നവർ പലരും വാടക ഡെപ്പോസിറ്റ് തിരികെ ചോദിച്ചിട്ടുണ്ട് എന്ന വസ്തുത നിലനിൽക്കുകയാണ്. ടി വിഷയത്തിൽ 22.9.17 ൽ ഹിയറിംഗ് നടത്താൻ തീരുമാനിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി.

**2) മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ളക്സ് /റെസ്റ്റ് ഹൗസ്**

റൂം നമ്പർ 14, 15, 16, 17 എന്നിവ തൻവർഷം ഒഴിഞ്ഞ് കിടക്കുന്നതായാണ് ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ടി മുറികൾക്ക് നിർണ്ണയിച്ച വാടക, ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം രേഖാമൂലം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 2/19.9.17) ലേലം, പുനർലേലം, ഓഫർ എന്നീ നടപടികൾ സ്വീകരിച്ചിട്ടും ആരും മുറികൾ എടുക്കാൻ തയ്യാറായില്ല എന്ന് മറുപടി ലഭ്യമാക്കി.

**3) മുനിസിപ്പൽ ടൗൺ ഹാൾ വാടക ഈടാക്കിയിട്ടില്ല**

മുനിസിപ്പൽ ടൗൺ ഹാളിന്റെ ഗ്രൗണ്ട്, ഫസ്റ്റ് ഫ്ളോർ എന്നിവയിൽ ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ്സ് മജിസ്ട്രേറ്റ് കോടതിയും രണ്ടാം നിലയിൽ മുനിസിഫ് കോടതിയും പ്രവർത്തിക്കുകയാണ്. 11.3.16 ൽ ചേർന്ന കൗൺസിലിന്റെ രണ്ടാം നമ്പർ തീരുമാന പ്രകാരം പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ വാടക ഡിമാന്റ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നൽകി. പി.ഡബ്ല്യു.ഡി. നിരക്കിൽ വാടക നിശ്ചയിക്കുന്നതിന് വില്ലേജിൽ നിന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണെന്നിരിക്കെ നഗരസഭയിൽ ടി വസ്തുവിന്റെ ആധാരം സംബന്ധിച്ച രേഖകൾ ലഭ്യമല്ലാത്തതിനാൽ വാടക നിരക്ക് നിശ്ചയിക്കാൻ കാലതാമസം നേരിടുന്നു എന്ന് മറുപടി ലഭ്യമാക്കി.

അപാകതകൾ പരിഹരിച്ച് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-11 ലേലം - വലിയ തുക കുടിശ്ശിക

ലേല രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് തൻവർഷം ലേല കുടിശ്ശികയുള്ളതായി കാണുന്നു.

**1) കോവിലകത്തുംകടവ് മത്സ്യമാർക്കറ്റ് ലേലം**

405000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ.കെ.കെ. മണിയപ്പൻ, എ.കെ.ഡി.എസ്-202 എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 135000 രൂപയും പിന്നീട് 7/16, 8/16, 9/16 മാസങ്ങളിലായി 180000 രൂപയും അടവാക്കി.

ലേലത്തുക - 405000

അടവ് – 315000

ബാലൻസ് – 90000

ലേലം കൊണ്ട വ്യക്തിക്ക് മത്സ്യമാർക്കറ്റിലെ പുതുതായി പണികഴിപ്പിച്ച കെട്ടിടം കൈമാറാൻ സാധിക്കാത്തതിലുള്ള തർക്കം മൂലമാണ് ബാക്കി ലേലത്തുക അടക്കാത്തതെന്നാണ് എൻക്വയറിക്ക് (നമ്പർ 4/19.9.17) ലഭ്യമാക്കിയ മറുപടി.

**2)മുനിസിപ്പൽ പാർക്കിലെ ഐസ് ക്രീം കച്ചവടം**

290000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ.വിനോദ്, തെക്കേവാസനശ്ശേരി എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 96667/- രൂപയും പിന്നീട് 7/16, 12/16, 1/17, 3/17 മാസങ്ങളിലായി 161115/- രൂപയും

അടവാക്കി.

ലേലത്തുക- 290000

അടവ് – 257782

ബാലൻസ്- 32218

3/17 ൽ നവീകരണത്തിനായി പാർക്ക് അടച്ചിട്ടതിനാൽ ഐസ് ക്രീം കച്ചവടം നടത്താൻ സാധിച്ചിരുന്നില്ലെന്നും ആയതിനാൽ 3/17 ലെ കിസ്തുതുക ഇളവ് ചെയ്യാൻ സർക്കാരിലേക്ക് കത്തയക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമാണ് എൻക്വയറിക്ക് നൽകിയ മറുപടി.

**3) മുനിസിപ്പൽ ഗ്രൗണ്ടിലെ ഡ്രൈവിംഗ് ടെസ്റ്റ്-വാഹനങ്ങളിൽ നിന്ന് ഫീസ് പിരിവ്**

93000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. രാജാകൃഷ്ണൻ, ഭാഗ്യലക്ഷ്മി എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 31000 രൂപയും പിന്നീട് 7/16, 8/16 മാസങ്ങളിലായി 41332 രൂപയും അടവാക്കി.

ലേലത്തുക- 93000

അടവ് – 72332

ബാലൻസ്- 20668

വെള്ളപ്പൊക്കം മൂലം ഗ്രൗണ്ട് പ്രവർത്തനയോഗ്യമല്ലാതിരുന്ന കാലത്തെ കിസ്ത്തുകയിൽ ഇളവ് ചെയ്ത് കൊടുക്കാൻ സർക്കാരിലേക്ക് കത്തയക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുമാണ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

**4) ദളവാക്കുളം ബസ് സ്റ്റാന്റ് ഫീസ് പിരിവ്**

70000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. രമേശൻ, തെക്കേടത്ത്പറമ്പ് എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 23333/- രൂപയും പിന്നീട് 7/16 ൽ 23334/- രൂപയും അടവാക്കി.

ലേലത്തുക- 70000

അടവ് – 46667

ബാലൻസ്- 23333

നിരവധി തവണ നോട്ടീസ് അയച്ചിട്ടും പ്രതികരിക്കാതിരുന്നതിനാൽ ടിയാനെതിരെ റെവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

**5) മുനിസിപ്പൽ ലോഡ്ജ്**

215000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ.എം.പി. മധുസൂദനൻ, മഴവഞ്ചേരിൽ എന്ന വ്യക്തി ലേലദിവസം ലേലത്തുകയുടെ 1/3 ആയ 71667 രൂപ അടവാക്കി.

ലേലത്തുക - 215000

അടവ് – 71667

ബാലൻസ് - 143333

ശ്രീ.എം.പി. മധുസൂദനൻ കൗൺസിലിന്റെ അംഗീകാരത്തോടെ മുനിസിപ്പൽ ലോഡ്ജിലെ അറ്റകുറ്റപ്പണികൾ ചെയ്തിട്ടുണ്ടെന്നും ടിയാന് ചെലവായ 302984 രൂപയിൽ നിന്നും ടി തുക മുതൽക്കൂട്ടാമെന്നുമാണ് മറുപടി ലഭ്യമായത്.

എന്നാൽ ടിയാന്റെ ചെലവിനെ സാധൂകരിക്കുന്ന രേഖകളോ ഇതു സംബന്ധിച്ച കൗൺസിൽ തീരുമാനമോ ഓഡിറ്റിന് ലഭ്യമായില്ല.

ആകെ ഈടാക്കുവാനുള്ള തുക 309552. മേൽ കുടിശ്ശികകൾ നാളിതുവരെയുള്ള പലിശ സഹിതം അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-12 പഴയ അംബാസിഡർ കാർ ലേലം ചെയ്തിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 2006 മോഡൽ KL36 1115 നമ്പർ അമ്പാസിഡർ കാർ 2015-16 ൽ ലേലം ചെയ്യാൻ തീരുമാനിക്കുകയും PWD അടിസ്ഥാന നിരക്ക് 45000 രൂപയായി നിർണ്ണയിക്കുകയും ചെയ്തു. ഫയൽ നമ്പർ R3 753/16 ൽ 8.4.16 ലെ റെവന്യൂ ഇൻസ്പെക്ടറുടെ നോട്ട് പ്രകാരം മുഹമ്മദ് റഫീഖ്, മാനങ്കേരിൽ മേത്തല എന്നയാൾ 50099 രൂപ ഓഫർ നൽകിയിരുന്നു. പിന്നീട് 15.10.16-ൽ നടന്ന ലേലത്തിൽ 28501 രൂപയും (രവീന്ദ്രകുമാർ, മഞ്ചേരിൽ) 30.1.17 ൽ നടന്ന ലേലത്തിൽ 35500 രൂപയുമാണ് ഓഫർ ലഭിച്ചത്.

50099 രൂപയുടെ ഓഫർ ലഭിച്ചിട്ടും കാർ ലേലം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.13/20.9.17) ,30.1.17 ൽ നടന്ന ലേലത്തിൽ കൂടുതൽ തുക ഓഫർ ചെയ്ത ( 35500 രൂപ) ശ്രീ സജീവൻ, പാണക്കാട്ടിൽ എന്നയാൾക്ക് ലേലം ഉറപ്പിച്ച് നൽകിയെന്നാണ് മറുപടി ലഭ്യമാക്കിയത്. 8.4.16 ൽ കൂടിയ നിരക്ക് ക്വോട്ട് ചെയ്തയാൾക്ക് ( 50099 രൂപ) ലേലം ഉറപ്പിച്ച് നൽകാതെ 14599 രൂപ കുറച്ച് ലേലം ഉറപ്പിച്ച് നൽകിയത് ക്രമപ്രകാരമല്ല. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 2-13 മൊബൈൽ ടോയ്‌ലറ്റ് ലേലം

വർഷങ്ങൾക്ക് മുമ്പ് നഗരസഭയ്ക്ക് സംഭാവനയായി ലഭിച്ച മൊബൈൽ ടോയ്‌ലറ്റ് നിലവിൽ ഉപയോഗിക്കാതെ തുരുമ്പെടുത്ത അവസ്ഥയിൽ സത്യഗ്രഹ സ്മാരകകെട്ടിടത്തിന്റെ പുറകിൽ ഉപേക്ഷിച്ച നിലയിലാണ്. 29.4.16-ൽ ചേർന്ന കൗൺസിലിന്റെ 7-ാം നമ്പർ തീരുമാനപ്രകാരം മൊബൈൽ ടോയ്‌ലറ്റ് ലേലം ചെയ്യുന്നതിന് തീരുമാനിച്ചു. ടോയ്‌ലറ്റ് നഗരസഭയുടെ ആസ്തിരജിസ്റ്ററിൽ ഇല്ലാത്തതിനാലും ആയതിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും 27.6.16-ൽ പത്രപരസ്യം ചെയ്യാൻ തീരുമാനിച്ചു. ലേലം ചെയ്ത് തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ലഭ്യമാക്കാനും ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 10/20.9.17) ലേലം ചെയ്തിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്. പൊതു ടോയ്‌ലറ്റില്ലാത്ത നഗരസഭയിൽ സംഭാവനയായി ലഭിച്ച മൊബൈൽ ടോയ്‌ലറ്റ് പ്രയോജനപ്പെടുത്താതിരുന്നത് ശരിയായ നടപടിയല്ല. ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുകയോ അല്ലാത്തപക്ഷം ലേലം ചെയ്ത് തുക നഗരസഭയുടെ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

# 2-14 അഷ്ടമി വരവിൽ മുൻ കാലയളവിനെ അപേക്ഷിച്ച് 43.69 ശതമാനം വർദ്ധനവ്

അഷ്ടമിയോടനുബന്ധിച്ച് നഗരസഭാ പുറംമ്പോക്ക് സ്ഥലം/തെരുവോരങ്ങൾ എന്നിവയുടെ വഴിയോരക്കച്ചവടത്തിനായുള്ള പൊതുലേലം വഴിയായി പ്രതിവർഷം ലഭിച്ചുവരുന്ന വരവ് മുൻ വർഷത്തിൽ നിന്നും താഴെപ്പറയും വിധം 43.69% വർദ്ധനവ് വന്നിട്ടുണ്ട്.

| വരവ് വർഷം | വരവ് തുക | മുൻ വർഷത്തെ അപേക്ഷിച്ച് വ്യത്യാസം | ശതമാനം |
|---|---|---|---|
| 2014 | 2781750 | - | - |
| 2015 | 2723581 | - 58169 | -2.09 |
| 2016 | 3913631 | +1290200 | +43.69 |

ഈ നേട്ടത്തിനു പിന്നിൽ പ്രവർത്തിച്ച നഗരസഭാ കൗൺസിൽ, അഷ്ടമി കമ്മറ്റി, വിവിധ വിഭാഗം നഗരസഭാ ജീവനക്കാർ എന്നിവർ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. വരും വർഷങ്ങളിലും ലേല നടപടികൾ കൂടുതൽ സുതാര്യവും മത്സരാധിഷ്ഠിതവുമാക്കി വരുമാന വർദ്ധനവ് വരുത്തുന്നതിനുള്ള കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

## 2-15 ഡി & ഒ ലൈസൻസ് കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഓഡിറ്റിനായി സമർപ്പിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2016-17 കാലയളവിൽ ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ 34735/- രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു. പ്രസ്തുത തുക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25- ന് മറുപടി നൽകിയിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-16 അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു- നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ കള്ള് ഷാപ്പുകളൊന്നും ഡി & ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ഒന്നും ലഭ്യമല്ല. ആകെ ഷാപ്പുകളുടെ എണ്ണം, ഷാപ്പ് നം. തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതോടൊപ്പം നഗരസഭാ പരിധിയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതുമായ താഴെചേർക്കുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | റേഷൻ കടകൾ |
| 2 | മാവേലി സ്റ്റോർ/ സിവിൽ സപ്ലയസ്സ് |
| 3 | ഇറച്ചി വിൽപനശാലകൾ |
| 4 | മത്സ്യ സ്റ്റാളുകൾ |
| 5 | കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ |

പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഇല്ലായെങ്കിൽ കാരണവും ബോധിപ്പിക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 25- ന് മറുപടി നൽകിയിട്ടില്ല.

കേവലം വരുമാനമാർഗ്ഗം എന്നതിലുപരി മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും വസ്തുക്കൾക്കും അസഹ്യത ഉണ്ടാക്കുന്നത് ഒഴിവാക്കുക എന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഇത്തരത്തിലുള്ള ലൈസൻസ് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ യാതൊരു പരിശോധനയും ഇല്ലാതെ യഥേഷ്ടം സ്ഥാപനങ്ങൾ പ്രവർത്തിക്കുവാൻ അനുമതി നൽകുക വഴി ലൈസൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ തകിടം മറിക്കുകയും അപകടങ്ങൾക്കായി വഴിമരുന്നിടുകയുമാണ് ചെയ്യുന്നത്. ഇപ്രകാരമുള്ള ജാഗ്രത കുറവ് മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് സ്ഥാപനം വേണ്ടരീതിയിൽ പ്രവർത്തിക്കുന്നതിനവസരം നൽകിയ നഗരസഭയിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥൻമാർക്ക് അപകടത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞു മാറുവാൻ ആവില്ല എന്നകാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-17 ഡി&ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പൊതുവായ അപാകതകൾ

വൈക്കം നഗരസഭയിൽ 2016-17 വർഷം ഡി&ഒ ലൈസൻസ് അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും താഴെ ചേർക്കുന്ന പൊതുവായ അപാകതകൾ കണ്ടെത്തുകയുണ്ടായി.

നഗരസഭാ പരിധിയിൽ വ്യാപാരസ്ഥാപനങ്ങൾ നടത്തുന്നതിനായുള്ള ലൈസൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷകളോടൊപ്പം ഹാജരാക്കേണ്ട ആവശ്യമായ രേഖകൾ ഇല്ലാതെയാണ് ഭൂരിഭാഗം അപേക്ഷകളും സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഡി& ഒ ലൈസൻസിനായുള്ള (പുതിയത്/ പുതുകികുന്നതിനായി) അപേക്ഷകർ സമർപ്പിച്ച 90% അപേക്ഷകളിലും ആവശ്യമായ വിവരങ്ങൾ (ഉദ. ലൈസൻസിനാവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം, മാലിന്യങ്ങൾ നീക്കാൻ സജ്ജീകരണങ്ങൾ നടപ്പാക്കിയിട്ടുണ്ടൊ? ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ, ലൈസൻസിനാവശ്യമായ സ്ഥലം വൃത്തിയായും ശുചിയായും സൂക്ഷിച്ചിട്ടുണ്ടൊ?, പ്രതിദിന വിറ്റ് വരവ്, തുടങ്ങിയവ) രേഖപ്പെടുത്താതെയാണ് സ്വീകരിച്ചിരിക്കുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിൽ സെക്ഷൻ 447 (3എ) പ്രകാരം അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം സെക്രട്ടറി ആയത് പരിശോധിച്ച് ലൈസൻസ് നൽകുകയോ, നിരസിക്കുകയോ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. എന്നാൽ വൈക്കം നഗരസഭയിൽ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിന്മേലും പരിശോധന റിപ്പോർട്ട് തയ്യാറാക്കാതെയാണ് ലൈസൻസ് നൽകിയിരിക്കുന്നത്. 17 മുതൽ 20 വരെ വാർഡുകളിലെ 48 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 19 അപേക്ഷകളും അനുബന്ധരേഖകളും മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഡി& ഒ ലൈസൻസ് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിനു പകരം സാധാരണ രജിസ്റ്ററാണ് ഉപയോഗിച്ചുവരുന്നത്. പ്രസ്തുത രജിസ്റ്ററിൽ ലൈസൻസ് നമ്പർ, കൊടുത്ത തിയതി, വരേണ്ട തുക, എന്നീ പ്രസക്ത വിവരങ്ങൾ രേഖപ്പെടുത്താതെയാണ് നഗരസഭാ രജിസ്റ്ററുകൾ സൂക്ഷിച്ചിരിക്കുന്നത്.

ഡി & ഒ ലൈസൻസിനായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിലും രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നതിലും അവയുടെ സൂക്ഷിപ്പിലും അപേക്ഷകൾ യഥാവിധി പരിശോധിച്ച് ലൈസൻസ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ലൈസൻസ് നടപടികൾ ക്രമീകരിക്കുന്നതിനും പാലിക്കുന്നതിനുമായി കർശന നിർദ്ദേശം നൽകേണ്ടതാണ്.

# 2-18 നഗരസഭയ്ക്ക് വിട്ടുകിട്ടിയ വസ്തുവകകൾ ആസ്തിയാക്കിയത്

നടുവിലെ വില്ലേജിൽ ഒന്നാം വാർഡിൽ സർവ്വേ നമ്പർ 13/19എ, 13/19ബി യിൽപ്പെട്ട 100 മീറ്റർ നീളമുള്ള സ്ഥലം രാഹുൽലെയിൻ റോഡിനായി ശ്രീമതി ശാന്തകുമാരി, ശ്രീകൃഷ്ണപുരം വാര്യം, ഉദയനാപുരം എന്ന വ്യക്തി സൗജന്യമായി നൽകാൻ സമ്മതപത്രം നൽകിയതിനാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ കൗൺസിൽ തീരുമാനിച്ചു (10.1.17 ലെ 12-ാം നം. തീരുമാനം).

ടി സ്ഥലം നഗരസഭയുടെ പേർക്ക് ആധാരം ചെയ്ത് പോക്കുവരവ് ചെയ്ത് കരം അടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നമ്പർ 11/20.9.17) തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് ടി സ്ഥലം നഗരസഭയുടെ ആസ്തിയാക്കേണ്ടതാണ്.

# 2-19 സേവന ഉപ നികുതി ഏർപ്പെടുത്തിയിട്ടില്ല- നഗരസഭയ്ക്ക് വൻ നഷ്ടം

തനത് ഫണ്ട് വളരെ കുറവായിട്ടും പുതിയ നികുതി സ്രോതസ്സുകൾ ഏർപ്പെടുത്തുവാൻ നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല. 2011-ലെ കേരളാ മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ-ചട്ടം 26 , കേരളാ മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പ് എന്നിവ പ്രകാരം ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളുടെ പരിപാലനം എന്നിവയ്ക്കായി സേവന ഉപ നികുതി ചുമത്താവുന്നതാണ്. നഗര സഭയ്ക്ക് ഈ ഇനങ്ങളിൽ ഭീമമായ തുക പ്രതിവർഷം ചെലവഴിക്കേണ്ടി വരികയും ചെയ്യുന്നു. തനത് ഫണ്ടിൽ നിന്നും ഈ

ഇനത്തിൽ തുക ചെലവഴിക്കുവാൻ സാധിക്കാത്തതിനാൽ വികസന ഫണ്ട് വരെ ഉപയോഗിച്ചാണ് നഗരസഭ ഈ ചെലവുകൾ നിർവ്വഹിക്കുന്നത്. നഗരസഭയുടെ സാമ്പത്തിക സ്ഥിതി ഇത്രയേറെ മോശമായിട്ടും നാളിതുവരെ വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ചുമത്തുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. കുറഞ്ഞ സേവന ഉപനികുതി നിരക്കായ 10% നിരക്ക് ഈടാക്കിയാൽ തന്നെ നഗരസഭയ്ക്ക് വലിയ തുക വരുമാനം ലഭിക്കുന്നതാണ്. 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം വസ്തുനികുതി ഇനത്തിൽ 72,88,690/- രൂപ വരവുണ്ട്. സേവന ഉപ നികുതി ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ 7,28,869/- രൂപ നഷ്ടം ഉണ്ടായതായി കാണുന്നു. സേവന ഉപനികുതി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മത്സ്യകൃഷിക്ക് ആവശ്യമായ സംരക്ഷിത വലയ്ക്ക് സബ്സിഡി നൽകിയത് മാർഗ്ഗരേഖക്ക് വിരുദ്ധം.

മത്സ്യകൃഷിക്ക് ആവശ്യമായ സംരക്ഷിതവല പദ്ധതി (പ്രോജക്റ്റ്നം-90/17) പ്രകാരം 14 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ 19,000/-രൂ ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ആനുകൂല്യം കൈപറ്റിയ 14 ഗുണഭോക്താക്കളിൽ ആറു ഗുണഭോക്താക്കൾ ഗവൺമെന്റ്/പെൻഷണർ/പൊതുമേഖല ജിവനക്കാർ ഉൾപ്പെട്ട കുടുംബംങ്ങളിൽ നിന്നുള്ളവരാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് വിവരം | ഉൾപ്പെട്ട കുടുബം | കൈപറ്റിയ തുക |
|---|---|---|---|
| 1 | സോമനാഥൻ കെ.റ്റി, കൊച്ചുകാട്ടിപറമ്പിൽ | സർക്കാർ ജോലി | 1500 |
| 2 | കമലമ്മ കെ.എസ്സ്, കുമ്പളത്ത് മഠം | പൊതുമേഖല | 1500 |
| 3 | രാധിക ജി. അച്ച്യുതാലയം | സർക്കാർ ജോലി | 1500 |
| 4 | ഷൺമുഖൻ, മഴവൻചേരി | സർക്കാർ ജോലി | 500 |
| 5 | സി.വി. കാർത്തികേയൻ | സർക്കാർ ജോലി | 1000 |
| 6 | ഇന്ദിരാദേവി, ചെമ്പകപറമ്പിൽ | സർക്കാർജോലി | 1500 |
| ആകെ | | | 7500 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ജി.ഒ.എം.എസ്സ്.4/2016 ത.സ്വ.ഭ.വ. 11/01/16 മത്സ്യബന്ധനം (ഉൾനാടൻമേഖല) പദ്ധതി മാനദണ്ഡപ്രകാരം ഗുണഭോക്താക്കൾ മത്സ്യതൊഴിലാളി/മത്സ്യകർഷക ക്ലബിൽ അംഗമായ നാമമാത്ര കർഷകർ/വാർഷികവരുമാനം 50000/-രൂപയിൽ കവിയാത്ത കർമോന്മുഖ മത്സ്യതൊഴിലാളി കുടുംബത്തിലെ അംഗമായിരിക്കണം. ഈ ഗുണഭോക്താക്കൾ ആരും മത്സ്യതൊഴിലാളി കുടുംബത്തിലെ അംഗമാണെന്ന് തെളിയിക്കുന്ന രേഖകളോ, വരുമാനം തെളിയിക്കുന്ന രേഖകളോ ഫയൽ പരിശോധനയിൽ ലഭ്യമായില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ ജി.ഒ.എം.എസ്സ്.4/2016/ത.സ്വ.ഭ.വ. 11/01/16 ലെ അനുബന്ധം-15-ലെ 2.14-ൽ സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണസ്ഥാപനങ്ങൾ, സ്വകാര്യ

സ്ഥാപനങ്ങൾ, പെൻഷണർമാർ പൊതുമേഖല എന്നിവിടങ്ങളിൽ നിന്ന് സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉൾപ്പെടുന്ന കുടുംബങ്ങളെയും വാർഷികവരുമാനം അൻപതിനായിരം രൂപയിൽ കുറവുള്ളവരായി കണക്കാക്കാൻ പാടില്ലാത്തതും അവർക്ക് ആനുകൂല്യം നൽകാൻ പാടില്ലാത്തതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.8/17) ലഭിച്ച മറുപടി അംഗീകരിക്കാവുന്നതല്ല.

അതിനാൽ മേൽ പരാമർശിച്ചിരിക്കുന്ന 6 ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗരേഖ പാലിക്കാതെ നൽകിയ 7500/-രൂ നിരാകരിക്കുന്നു.

# 3-2 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിക്കുന്നു.

നഗരസഭയിലെ വിവിധ ഫയലുകൾ/പ്രോജക്ടുകൾ എന്നിവ പരിശോധിച്ചതിൽ ആവർത്തന സ്വഭാവമുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പകരം വികസന ഫണ്ട് , മെയിന്റനൻസ് ഗ്രാൻറ് – നോൺ റോഡ് എന്നിവയിൽ നിന്നും പദ്ധതിയിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുന്നതായി കാണുന്നു.

1. പ്രൊ. നം. SO 07/2017 - ശുചീകരണ വാഹനങ്ങൾക്ക് ഇന്ധനം , റിപ്പയറിംഗ് -
(ചെലവ് - വി.ഫണ്ട് - 64249/-രൂപ)
2. പ്രൊ. നം. SO 89/2017 - സമഗ്ര ആരോഗ്യ പരിപാലനം --
(ചെലവ്-വി.ഫണ്ട് - 699492/-രൂപ)
3. പ്രൊ. നം. SO 52/2017 - തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഒടുക്കൽ --
(ചെലവ്- മെ.ഗ്രാൻറ്- റോഡിതരം - 138471/-രൂപ)
4. പ്രൊ. നം. SO 250/2017 - തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഒടുക്കൽ --
(ചെലവ്-മെ.ഗ്രാൻറ്- റോഡിതരം - 2651122/- രൂപ )

12-ാം പദ്ധതി മാർഗരേഖ (GO(MS)04/2016/LSGD/11.01.2016) പ്രകാരം - 'ഫണ്ടുകൾ ചെലവഴിക്കുന്നതിനുള്ള നിബന്ധനകൾ- ഖ -7 (iv)- വിഭവ സമാഹരണവും വകയിരുത്തലും' - പ്രകാരം തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായ വികസേനതര ചെലവുകൾ, കണ്ടിജൻറ് ചെലവുകൾ, അനിവാര്യ - പൊതു ചുമതലകൾ നിറവേറ്റുന്നതിനായി വേണ്ടിവരുന്ന ആവർത്തന സ്വഭാവമുള്ള ചെലവുകൾ, ശുചീകരണം, വൈദ്യുതി ചാർജ് അടയ്ക്കൽ, വെള്ളക്കരം അടയ്ക്കൽ, എന്നിവയ്ക്ക് ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും തനത് ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ വകയിരുത്തി ഇത്തരം പദ്ധതിഇതര ചെലവുകൾ നിറവേറ്റുവാൻ വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കുവാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്.

കൂടാതെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11.12. iv - 'മാലിന്യ സംസ്കരണം, ശുചിത്വം' --പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പൊതു മാലിന്യ പരിപാലന പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ, പ്ലാൻറ് സ്ഥാപിക്കൽ, മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രത്യേകം രൂപകൽപന ചെയ്ത വാഹനങ്ങൾ വാങ്ങിക്കൽ എന്നിവയ്ക്ക് മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കാവൂ എന്നും, മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട തുക തനത് ഫണ്ടിൽ നിന്നും വകയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രോ.നം. SO89/17- സമഗ്ര ആരോഗ്യ പരിപാലനം - എന്ന പദ്ധതിയിൽ ശുചീകരണ ജോലികൾക്കായി നിയോഗിക്കുന്ന CLR തൊഴിലാളികളുടെ വേതനം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നു. ടി തുക ശുചിത്വ മിഷനിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് നിർവഹിക്കേണ്ടതാണ്. കൂടാതെ പദ്ധതി മാർഗ്ഗരേഖ അനുബന്ധം -15 - ഖ. 7.2 പ്രകാരം ശമ്പളം, ഹോണറേറിയം എന്നിവ പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട് . എന്നാൽ തനത് വരുമാനം വളരെ കുറവാണ് എന്ന കാരണത്താൽ പദ്ധതി മാർഗ രേഖയ്ക്ക് വിരുദ്ധമായി നഗരസഭ തുക ചെലവഴിച്ച് വരുന്നു. തനത് ഫണ്ട് വളരെ കുറവായിട്ടും സേവന ഉപനികുതി പോലുള്ള പുതിയ നികുതി സ്രോതസ്സുകൾ, ബീച്ച്, പാർക്ക് എന്നിവയിലെ എൻട്രി ഫീ തുടങ്ങിയവ ഏർപ്പെടുത്തുന്നതിനോ, നിലവിലുള്ള വരുമാന സ്രോതസ്സുകളായ വസ്തു നികുതി, വാടക, ലേലം

എന്നിവ കൃത്യമായി പിരിച്ചെടുക്കുന്നതിനോ നഗരസഭ നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ നഗരസഭയുടെ ഈ നടപടി തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കുവാൻ നഗരസഭാ കൗൺസിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്

# 3-3 പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ബിൻ വാങ്ങുന്നതിനുള്ള പദ്ധതി - അപാകതകൾ

I. പ്രോജക്ട് നം. SO 119/17-ഫയൽ നം. H1- SO119/17 നി.ഉദ്യോഗസ്ഥൻ : ഹെൽത്ത് ഇൻസ്പെക്ടർ , വൈക്കം നഗരസഭ. ചെലവ് - Rs. 133000/- (2016-17)

പദ്ധതി പ്രകാരം മെ . ടാലന്റ് എന്റർപ്രൈസസ്, ഏറ്റുമാനൂർ എന്ന സ്ഥാപനത്തിൽ നിന്നും 3800/- രൂപ നിരക്കിൽ 168 പ്ലാസ്റ്റിക് ബിന്നുകൾ വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ടി ബിന്നുകൾ പൂട്ടി സൂക്ഷിക്കുകയും, എല്ലാ ആഴ്ചയിലും നിശ്ചിത സമയം പൊതുജനങ്ങൾക്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് തുറന്നുകൊടുക്കുകയും, നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനും പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നു. എന്നാൽ ബിന്നുകളുടെ ചുമതല ഏറ്റെടുക്കുവാൻ ആരും തയ്യാറാവാത്തതിനാൽ ബിന്നുകൾ നിലവിൽ റോഡ് സൈഡിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്യുന്നത്. എല്ലാ മാലിന്യങ്ങളും ഇതിൽ നിക്ഷേപിക്കപ്പെടുവാൻ സാധ്യതയുള്ളതിനാൽ പല ബിന്നുകളും പൂട്ടിയ അവസ്ഥയിലുമാണ്. പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകളും കാണുകയുണ്ടായി.

1. മെ . ടാലന്റ് എന്റർപ്രൈസസ് - ന്റെ 29.08.17 ലെ കത്ത് പ്രകാരം ലഭ്യമാക്കിയ 168 ബിന്നുകളിൽ 12 ബിന്നുകൾ ഇനിയും സ്ഥാപിക്കുവാൻ അവശേഷിക്കുന്നു.
2. മെ . ടാലന്റ് എന്റർപ്രൈസസ് - EMD ആയി സമർപ്പിച്ച 6560/- രൂപയുടെ DD (DD No. 936737/27.02.2017 SIB കൈപ്പുഴ) മാറി മുനിസിപ്പൽ ഫണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം ഡി.ഡി. ആയിത്തന്നെ ഫയലിൽ സൂക്ഷിക്കുന്നതായി കാണുന്നു. ഡി. ഡി. തുക മുനിസിപ്പൽ ഫണ്ടിൽ നിക്ഷേപിക്കാതിരുന്നതിനാലും ഡി.ഡി-യുടെ കാലാവധി കഴിഞ്ഞതിനാലും കരാറുകാരന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ നഗരസഭയ്ക്ക് തുക ഈടാക്കുവാൻ സാധിക്കുകയില്ല.
3. ബിന്നുകൾ സ്ഥാപിച്ചത് സംബന്ധിച്ച് ആറു വാർഡുകളിൽ നിന്നുള്ള സ്ഥലപരിശോധന റിപ്പോർട്ട് മാത്രമാണ് ഫയലിൽ ലഭ്യമാക്കിയിട്ടുള്ളത്.

ഈ വിഷയം സംബന്ധിച്ച് നഗരസഭ നൽകിയ മറുപടിയിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും പുനരുപയോഗപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കൃത്യമായ പഠനം നടത്താതെയും, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്താതെയും പദ്ധതി ആവിഷ്കരിച്ചതിനാൽ പദ്ധതി നിലവിൽ ജനങ്ങൾക്ക് പ്രയോജനമില്ലാത്ത അവസ്ഥയിലാണ്. ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് പദ്ധതി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-4 ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിലെ ശമ്പളം നൽകിയ നടപടി-ക്രമവിരുദ്ധം

ഫയൽ നം. H1-1770/08

വൗച്ചർ നം. 21600716/2903.2017 Rs.253048/- പ്രകാരം കണ്ടിജൻറ് ജീവനക്കാരുടെ 02/17 ലെ ശമ്പളം മാറി നൽകിയിട്ടുണ്ട്. 02/17 ലെ ഹാജർ പുസ്തകം പ്രകാരം 18 , 22 എന്നീ തീയതികളിൽ 14 ജീവനക്കാരും , 22.02.17 - ൽ രണ്ട് ജീവനക്കാരും ജോലിക്ക് ഹാജരാകാതെ ആബ്സെൻറ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഹാജരാകാത്ത ദിവസങ്ങൾ ലീവ് ആയി ക്രമീകരിക്കാതെ മുഴുവൻ ശമ്പളവും നൽകിയതായി കാണുന്നു. ടി ദിവസങ്ങളിലെ ആബ്സൻസ് ക്രമീകരിക്കുന്നത് സംബന്ധിച്ച് നഗരസഭ കൗൺസിൽ തീരുമാനം ഒന്നും എടുത്തിട്ടുമില്ല. കൂടാതെ 20.02.17, 21.02.2017 എന്നീ തീയതികളിൽ ജീവനക്കാർ ഹാജർപുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി ദിവസങ്ങളിൽ ജീവനക്കാർ ജോലി ചെയ്തിട്ടില്ല എന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഹാജർ പുസ്തകത്തിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയങ്ങൾ പരിഗണിക്കാതെ ജോലിക്ക് ഹാജരാകാത്ത ദിവസങ്ങളിലെ ശമ്പളം നൽകിയത് ക്രമവിരുദ്ധമാണ്. 02/2017 മുഴുവൻ ദിവസങ്ങളിലെയും ശമ്പളം ജീവനക്കാർക്ക് നൽകിയ നടപടി നഗരസഭാ കൗൺസിൽ പരിശോധിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 253048/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-5 സേവന നികുതി കൃത്യമായി കണക്കാക്കി അടയ്ക്കാതിരുന്നതിനാൽ നഗരസഭയ്ക്ക് 15.8 ലക്ഷം രൂപയുടെ ബാധ്യത

ഫയൽ നം. R3-300/2011

സേവന നികുതി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷണർ ഓഫ് സെൻട്രൽ എക്സൈസ്, കസ്റ്റംസ് & സർവ്വീസ് ടാക്സ്, കൊച്ചിയുടെ 29.03.2016 ലെ C No. V/ST/15/370/2015 ST adj - നമ്പർ ഷോകോസ് നോട്ടീസ് നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയത് പ്രകാരം നഗരസഭ 2011-12 മുതൽ 2014-15 വരെ ഫയൽ ചെയ്ത വാടക സേവനങ്ങൾ സംബന്ധിച്ച കണക്കുകളിലും, നഗരസഭയുടെ വാർഷിക കണക്കുകളിൽ (ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെൻറ് ) ഈ ഇനത്തിൽ ഉൾപ്പെട്ട തുകകളും തമ്മിൽ വലിയ വ്യത്യാസമുള്ളതിനാൽ സേവന നികുതി ഇനത്തിൽ 15,80,856/- രൂപ അധികമായി അടയ്ക്കുവാനും 30 ദിവസത്തിനകം മറുപടി നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിലെ വാർഷിക കണക്കുകൾ കൃത്യമായി ഹെഡ് തിരിച്ച് തയ്യാറാക്കാത്തതിനാലും, കൃത്യമായ ഡി.സി.ബി തയ്യാറാക്കാത്തതിനാലുമാണ് ഇപ്രകാരം അപാകതകൾ സംഭവിക്കുന്നതെന്ന് കാണുന്നു. 24.05.2016, 04.06.2016 എന്നീ തീയതികളിൽ മാത്രമാണ് നഗരസഭ മറുപടി സമർപ്പിച്ചത്. നഗരസഭ ഷോ കോസ് നോട്ടീസ് പ്രകാരമുള്ള തുക അടച്ചിട്ടുണ്ടോ എന്നും, ഈ വിഷയത്തിൽ കമ്മീഷണർ ഓഫ് സെൻട്രൽ എക്സൈസ്, കസ്റ്റംസ് & സർവ്വീസ് ടാക്സ്, വകുപ്പിൽ നിന്നും അന്തിമ തീരുമാനം വന്നിട്ടുണ്ടോയെന്നും വ്യക്തമല്ല. തുക അടയ്ക്കേണ്ടി വന്നാൽ ടി തുക നഗരസഭ വാടകക്കാരിൽ/കുത്തകക്കാരിൽ നിന്നും ഈടാക്കിയിട്ടില്ലാതിരുന്നതിനാൽ ഇത് നഗരസഭാ ഫണ്ടിൽ നിന്നും അടയ്ക്കേണ്ടതായി വരും. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ വിഷയത്തിൽ നഗരസഭ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-6 ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല.

2016-17 വർഷം നഗരസഭാ ജീവനക്കാർക്ക് വിവിധാവശ്യങ്ങൾക്കായി നൽകിയ ചുവടെ കൊടുത്തിരിക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. പലതും ക്രമീകരിക്കാതെ അവശേഷിക്കുന്നതായും, ക്രമീകരിച്ചവ തന്നെ മൂന്ന് മാസങ്ങൾക്ക് ശേഷമാണ് ക്രമീകരിച്ചതെന്നും കാണുന്നു.

| ക്രമ നം | വൗച്ചർ നം/ തീയതി | മുൻകൂർ കൈപ്പറ്റിയ ജീവനക്കാരൻ | ആവശ്യം | തുക | ക്രമീകരിക്കത്ത തുകകൾ (പിന്നീട് ക്രമീകരിച്ചത്) |
|---|---|---|---|---|---|
| 1 | 5/07/16 | ശ്രീ.സി. പ്രസന്നൻ, ജെ.എച്ച്.ഐ | മറ്റപ്പള്ളിതോട് വൃത്തിയാക്കൽ | 45,240/- | 45,240/- |
| 2 | 1/1.10.16 | ശ്രീ.റ്റി.എസ്സ്.ജയകുമാർ, ഓവർസീയർ ഗ്രേഡ് I | സർവീസിങ്ങ് ഓഫ് Etios Car KL-36-E6611,സർവീസിങ്ങ് ഓഫ് ബോലീറോ ജീപ്പ്- കെ എൽ 36 എ 9595 ന് | 22,392/- | 22,392/- (30/06/17) |
| 3 | 3/10.11.16 | ശ്രീ.എസ്സ്.ഷാജിമോൻ, | റിമൂവിങ്ങ് അൺ ഓതറയിസഡ് | 100,00/- | 100,00/- |

| | | | | | |
|---|---|---|---|---|---|
| | | ഓവർസീയർ ഗ്രേഡ് II | കൺസ്ട്രക്ഷൻ | | (16/05/17) |
| 4 | 4/2.12.16 | ശ്രീ.എസ്സ്.ഷാജി,ക്ലർക്ക് | കേരളോത്സവം സംഘാടനത്തിന് | 40,000/- | -40,000/- (6/06/17 |
| 5 | 7.12.16 | ശ്രീ.സി.പ്രസന്നൻ, ജെ.എച്ച്.ഐ | ഹരിതകേരളം പദ്ധതി | 23,000/- | 23,000/- |
| 6 | 3.01.17 | ശ്രീമതി മഞ്ജു.കെ.എസ്സ്. റവന്യൂ ഇൻസ്പെക്ടർ | നഗര വസ്തുക്കളിലെ മേലാദയം എടുക്കുന്നതിന്. | 4,000/- | -4,000/- (16/05/17) |
| 7 | 10.03.17 | ശ്രീമതി സന്ധ്യാ എസ്സ്. ശിവൻ | സ്വാപ്പ് ഷോപ്പ്. | 15,000/- | 15,000/- |
| | ആകെ | | | 1,59,632/- | 1,59,632/- |

ക്രമീകരിക്കുവാൻ അവശേഷിക്കുന്ന 83,240/- രൂപ ജി.ഒ.(പി)419/11/ഫിൻ/4.10.11 പ്രകാരം 18% പലിശ സഹിതം തിരികെ നാളിതുവരെ ഈടാക്കിയിട്ടില്ല. ക്രമനമ്പർ 2, 3, 4, 6 പ്രകാരമുള്ള 76,392/- രൂപ മൂന്ന് മാസങ്ങൾക്ക്ശേഷം ക്രമീകരിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവു പ്രകാരമുള്ള പലിശ ഈടാക്കിയിട്ടില്ല. ഇതുസംബന്ധിച്ച നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പ് (നം-20/17) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന 83,240/-രൂപ തടസ്സപെടുത്തുന്നു. തുകകൾ ക്രമീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

# 3-7 അനധികൃത നിർമ്മാണം പൊളിച്ചു നീക്കിയത് -നഗരസഭയ്ക്കുണ്ടായ ചെലവ് കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയില്ല

ഫയൽ നം. E1- 1333/16 -

ശ്രീ. യൂസഫ് അലി/ആബിത യൂസഫ്, നെല്ലിപ്പേറമ്പ്, കച്ചേരിക്കവല, വൈക്കം എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ VII/331 - മായി ബന്ധപ്പെട്ട് നടന്ന അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിനായി PWO III ശ്രീ.ഷാജിമോന് 10000/- രൂപ അഡ്വാൻസ് നൽകുകയും (ചെക്ക് നം. 83589/10.11.2016 പ്രകാരം ), 9780/- രൂപയുടെ ചെലവ് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. KMBR ചട്ടം 18-(3) പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു കളഞ്ഞതിനുള്ള ചെലവുകൾ കെട്ടിട ഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ ടി തുക കെട്ടിട ഉടമയിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-8 കരാർ പ്രകാരമുള്ള ഇനങ്ങൾ പൂർത്തിയാക്കിയില്ല- പ്രവൃത്തി ക്ലോസ് ചെയ്ത് ഫൈനൽ പേയ്മെന്റ് നൽകി

പ്രോജക്ട് നം- 42/17, ഡമ്പിങ്ങ് യാർഡ് മെയിന്റൻസും ചുറ്റുമതിൽ നിർമ്മാണവും

നിർവ്വഹണ ഉദ്യോഗസ്ഥൻ-മുൻസിപ്പൽ എൻജിനിയർ

ചെലവ് – 338441 ബിൽ നമ്പർ- 73/30.03.17

നഗരസഭയുടെ 11-ാം വാർഡിലുള്ള ഡമ്പിങ്ങ് യാർഡ് മെയിന്റനൻസിനും ചുറ്റുമതിൽ നിർമ്മാണത്തിനും 15 ലക്ഷം രൂപ വികസനഫണ്ട് (പൊതുവിഭാഗം) അടങ്കലിൽ രണ്ട് അപ്പൻഡിക്സുകൾ ഉൾപ്പെടുത്തി 2014-15 വർഷം പ്രോജക്ട് തയ്യാറാക്കി. ചുറ്റുമതിൽ നിർമ്മാണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ Appendix A യിൽ 1 മുതൽ 11 വരെയുള്ള ഇനങ്ങളും ഡമ്പിങ്ങ് യാർഡ് മെയിന്റനൻസിനായി തയ്യാറാക്കിയ Appendix B യിൽ 1 മുതൽ 12 വരെയുള്ള ഇനങ്ങളും ഉൾപ്പെടുന്നു. ശ്രീ അജി ടി. എം. എന്ന കരാറുകാരനുമായി പ്രവർത്തി നിർവ്വഹിക്കുന്നതിന് കരാറിൽ ഏർപ്പെട്ടു.(കരാർ

നമ്പർ 119 ) പ്രവൃത്തിയുടെ അളവ് പുസ്തകം പരിശോധിച്ചതിൽ Appendix A യിലെ 7,9,11 Appendix B യിലെ 2,5,6,7,8,9,10,11,12 എന്നീ ഇനങ്ങൾ നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. മറ്റിനങ്ങൾ ഭാഗികമായ അളവിലാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തി പൂർത്തിയാകാതെ തന്നെ ചെയ്ത അളവുകളുടെ മൂല്യം കണക്കാക്കി കരാറുകാരന് ബിൽ പേയ്മെന്റ് നൽകി. എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ ഇനങ്ങളും അതാത് അളവിൽ ചെയ്യുന്നതിനാണ് കരാറുകാരൻ കരാറിൽ ഏർപ്പെട്ടിരുന്നത്. എല്ലാ ഇനങ്ങളും ചെയ്യാതെ പ്രവർത്തി ക്ലോസ് ചെയ്ത് തുക നൽകിയ നിർവ്വഹണോദ്യോഗസ്ഥന്റെ നടപടി ശരിയല്ല. കൂടാതെ 19/02/15ൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് 14/03/17-ലാണ്. പ്രവൃത്തിയുടെ പൂർത്തീകരണ തീയതി കരാറിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തി എന്നാണ് പൂർത്തിയാക്കേണ്ടത് എന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം നേരിട്ടെങ്കിൽ കരാറുകാരനിൽ നിന്നു പൊതുമരാമത്ത് ചട്ടങ്ങൾ പ്രകാരമുള്ള ഫൈൻ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പ്രോജക്റ്റിന് ചെലവഴിച്ച 3,38,441/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-9 കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും നിർവഹണ ഏജൻസി പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല- നഗരസഭയ്ക്ക് വരുമാന നഷ്ടം

മുനിസിപ്പൽ എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ ചേർക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട് അക്രെഡിറ്റഡ് ഏജൻസിയായ കോസ്റ്റ്ഫോർഡ്-ന് അഡ്വാൻസ് തുക കൈമാറിയിട്ടുണ്ടെങ്കിലും കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

I. ഫയൽ നം. PWI 583/17 - മുനിസിപ്പൽ പാർക്ക് നവീകരണം.

പ്രോ.നം. SO 168/17

മുനിസിപ്പൽ പാർക്കിൽ വിവിധ കളി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, നവീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് കോസ്റ്റ് ഫോർഡ് -ന് 3 ഗഡുക്കളായി 8,98,280/- വീതം ആകെ 26,94,840/ - രൂപ നൽകിയിട്ടുണ്ട്. 16.02.17 ലെ 97/17 -ാം നമ്പർ കരാർ പ്രകാരം ( ഖ. 6 ) 3 മാസത്തിനുള്ളിലോ അല്ലെങ്കിൽ മാർച്ച് 31 -നകമോ പദ്ധതി പൂർത്തിയാക്കുവാൻ കോസ്റ്റ് ഫോർഡ് ബാധ്യസ്ഥരാണ്. എന്നാൽ നാളിതുവരെ സ്ഥാപനം ഫൈനൽ ബിൽ സമർപ്പിച്ചതായി കാണുന്നില്ല. ആദ്യത്തെ രണ്ട് ഗഡുക്കൾ ചെലവഴിച്ചതായി സ്ഥാപനം യു.സി. നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തിയിലെ പുരോഗതി എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയതായും കാണുന്നില്ല.

II. ഫയൽ നം. PWI 272/17 -ബീച്ചിൽ കളിസ്ഥല നിർമാണവും സൗന്ദര്യവത്കരണവും

പ്രോ.നം. SO 272/17

ബീച്ചിൽ കളിസ്ഥല നിർമാണം, സൗന്ദര്യവത്കരണവും എന്ന പദ്ധതി നടത്തുന്നതിന് കോസ്റ്റ് ഫോർഡ് -ന് 1-ാം ഗഡുവായി 1169393/ - രൂപ നൽകിയിട്ടുണ്ട്. 10.03.17 ലെ 117/2016-2017 -ാം നമ്പർ കരാർ പ്രകാരം ( ഖ. 6 ) 3 മാസത്തിനുള്ളിലോ അല്ലെങ്കിൽ മാർച്ച് 31 -നകമോ പദ്ധതി പൂർത്തിയാക്കുവാൻ കോസ്റ്റ് ഫോർഡ് ബാധ്യസ്ഥരാണ്. എന്നാൽ നാളിതുവരെ സ്ഥാപനം പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ സമർപ്പിച്ചതായി കാണുന്നില്ല.

മേൽസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നുവെങ്കിൽ എൻട്രി ഫീസ് ഏർപ്പെടുത്തി ടി ഇനത്തിൽ നഗരസഭയ്ക്ക് വരുമാനം ലഭിക്കുമായിരുന്നു. ആയതിനാൽ മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-10 ഇൻകം ടാക്സ് വസൂലാക്കിയതിൽ കുറവ്

നഗരസഭയിലെ ജീവനക്കാരുടെ ഇൻകം ടാക്സ് ഫയൽ പരിശോധിച്ചതിൽ സൂപ്രണ്ട് ശ്രീ. സി.സി. പ്രേമകുമാറിന്റെ ശമ്പളത്തിൽ നിന്നും വസൂലാക്കിയ ഇൻകം ടാക്സ് കുറവുള്ളതായി കാണുന്നു. ടിയാൻ സമർപ്പിച്ചിട്ടുള്ള

സ്റ്റേറ്റ്മെന്റ് പ്രകാരം എല്ലാ കിഴിവുകളും കുറച്ചുള്ള വരുമാനം 545230/- രൂപയാണ്. ഇത് പ്രകാരം Tax on Total income – 34046/- രൂപയാണ്. ഈ തുകയിൽ നിന്നും 5 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് മാത്രം അർഹമായ 5000/- രൂപ Tax Rebate കുറവ് ചെയ്തിരിക്കുന്നതായി കാണുന്നു. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടാക്സ് ഇനത്തിൽ കേന്ദ്രസർക്കാരിനുണ്ടായ നഷ്ടം (കുറവായി അടച്ച 5,000/- രൂപയും സെസ്സ് ഇനത്തിൽ 150/- രൂപയും) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-11 ടെൻഡർ ഡിഡക്ഷൻ നടത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ-മുൻസിപ്പൽ എൻജിനിയർ

2016-17 വർഷം നിർവ്വഹിച്ച താഴെപ്പറയുന്ന പ്രവർത്തികളുടെ 2nd and final ബിൽ പേയ്മെന്റ് 2017-18 വർഷമാണ് നടത്തിയത്. പേയ്മെന്റ് നടത്തിയപ്പോൾ ടെൻഡർ കുറവ് ചെയ്തിട്ടില്ല എന്ന് കാണുന്നു.

| പ്രോജക്ട് നം | കോൺട്രാക്ടർ | ആകെ വേലമൂല്യം | ടെൻഡർ ഡിഡക്ഷൻ | കുറവ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 26/17 ശ്രീമുരുക നക്കംതുരുത്ത് റോഡ് റീടാറിങ്ങ് | ശ്രീ. P.K.ഷാജി | 54292 | 17% | 9230 |
| 48/17 മടിയത്ര സ്കൂൾ അറ്റകുറ്റപ്പണി | ശ്രീ. അജി T.M. | 130840 | 15.85% | 20738 |
| ആകെ | | | | 29968 |

ടെൻഡർ കുറവ് ചെയ്യാത്തത് മൂലം 29968 രൂപ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായി. ടെണ്ടർ കുറവ് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 24/23.09.17) കരാറുകാരുടെ റിട്ടെൻഷൻ തുകയിൽ ക്രമീകരിച്ചിട്ട് മിച്ചം തുക കരാറുകാരിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നഷ്ടം അതാത് കരാറുകാരിൽ നിന്ന് ഈടാക്കിയില്ലെങ്കിൽ ഉത്തരവാദിയായ മുനിസിപ്പൽ എൻജിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-12 മരുന്ന് ലഭ്യമായിട്ടില്ല.

നഗരസഭയുടെ കീഴിലുള്ള ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ മരുന്ന് ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ബാലൻസ് | ബിൽ നം. |
|---|---|---|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | S0095/17 | 400,000/- | ഇൻവോയിസ് നം.90019410/24/05/17-156,793/-രൂ | 243,207/-രൂ | ബിൽ നം.1/16-17/ 1/03/17 |
| 2. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | S0079/17 | 200,000/- | 1.)ഇൻവോയിസ് നമ്പർ-LF-371/16/ 08/17-61550/-രൂ<br>2.)ഇൻവോയിസ് നം.LF-273/30/ | 111,940/-രൂ | ഡി.ഡി.നം.281011/10/01/17 (SBT) |

| | | | | | | |
|---|---|---|---|---|---|---|
| | | | | 06/17-26510/-<br>( 61550+ 26510)=<br>88060/- | | |

മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതുവരെ മേൽ പരാമർശിച്ചിരിക്കുന്ന തുക മെഡിക്കൽ ഓഫീസർ ആയുർവേദം-243,207/-രൂ, മെഡിക്കൽ ഓഫീസർ ഹോമിയോ-111,940/-രൂ തടസ്സപ്പെടുത്തുന്നു.

## 3-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക/ ഫണ്ട് | വൗച്ചർ നമ്പർ/<br>തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 54/17 എസ് എസ് എ വിഹിതം | സെക്രട്ടറി | 500000<br>(വികസനഫണ്ട്) | ഡി ഡി നം.28004/3-11-16<br>എസ് എസ് എ ജില്ലാ പ്രോജക്ട് ഓഫീസർ |
| 2 | 70/17, ഐ കെ എം പ്രവർത്തന ഫണ്ട് | സെക്രട്ടറി | 109706<br>(വികസനഫണ്ട്) | ഡി ഡി നം.28003/3-11-16<br>എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ |
| 3 | 69/17,ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം - വിഹിതം നൽകൽ | സെക്രട്ടറി | 300000<br>(വികസനഫണ്ട്) | ഡി ഡി നം.28003/3-11-16<br>ജില്ലാ പ്ലാനിംഗ് ഓഫീസർ |
| | | ആകെ | 909706 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 909706/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 വഴിവിളക്ക് തെളിക്കുന്നതിനുള്ള സാധനം വാങ്ങലും പരിപാലനവും-സൂപ്പർവിഷൻ ചാർജ് അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ – 45/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ എൻജിനിയർ

ചെലവ് – 2,98,100/- (ബിൽ നം.29/20.02.17 – 98,100/-, ബിൽ നം.25/20.02.17 – 2,00,000/-)

വൈക്കം നഗരസഭ പരിധിക്കുള്ളിലെ വിവിധ വാർഡുകളിൽ വഴിവിളക്ക് തെളിക്കുന്നതിനുള്ള സാധനം വാങ്ങുന്നതിനും പരിപാലനത്തിനുമായി 300000 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി. പ്രസ്തുത പ്രോജക്ടിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികളിലൂടെ ശ്രീ. അജിത് പ്രസാദ്, കൊല്ലംപറമ്പിൽ എന്ന കരാറുകാരനെ ഏൽപ്പിച്ചു. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു

മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, വർക്ക് സൂപ്പർവിഷനും, മെഷർമെന്റിനും, ബിൽ തയ്യാറാക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവ്യത്തി മെഷർ ചെയ്തതിനും ശ്രീ. പി.എൻ. നാരായണൻ മെമ്പർ, DLTCE ക്ക് 8599 രൂപയും ശ്രീ. ഇ. എച്ച് മുഹമദ് ഇസ്മെയിൽ ചെയർമാൻ DLTCE ക്ക് 2866 രൂപയും അനുവദിച്ചിട്ടുണ്ട്

കേടായ തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ റിപ്പോർട്ട് അതാത് കൗൺസിലർമാരിൽ നിന്നും വാങ്ങാവുന്നതാണ്. തെരുവ് വിളക്കുകളുടെ മെയിന്റനൻസ് റിപ്പോർട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്നതാണ്. മേൽ പ്രോജക്ടിൽ പുതിയതായി വയറിംഗ് പ്രവ്യത്തികൾ ഉൾപ്പെടുന്നില്ല. ആയതിനാൽ ഇലക്ട്രിഫിക്കേഷൻ പ്രവ്യത്തിയായി കണക്കാക്കാനാവില്ല. സർക്കാർ ഉത്തരവ് 2878/2015/LSGD തീയതി 22.09.15 പ്രകാരം പുതിയ വയറിംഗ് പ്രവ്യത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവ്യത്തി മെഷർ ചെയ്യുന്നതിനും ചെക്ക് മെഷർ ചെയ്യുന്നതിനുമാണ് തുക അനുവദിക്കാവുന്നത്. ഈ സാഹചര്യത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും പ്രവ്യത്തി മെഷർ ചെയ്തതിനും ചെക്ക് മെഷർ ചെയ്തതിനും തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ അന്വേക്ഷണക്കുറിപ്പിന് മറുപടി നൽകിയില്ല. 11465 രൂപ ഉത്തരവാദിയായ മുനിസിപ്പൽ എൻജിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

# 3-15 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല - വൈദ്യുതി ചാർജ് ഇനത്തിൽ വലിയ തുക ബാധ്യത

ഫയൽ നം. E1-1752/2011

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2.5 ലക്ഷം രൂപയോളം പ്രതിമാസം നഗരസഭ KSEB - ൽ അടയ്ക്കുന്നുണ്ട്. നിലവിൽ 19 കൺസ്യൂമർ നമ്പറുകളിലായാണ് ടി തുക അടയ്ക്കുന്നത്. ഇതിൽ കൂടുതൽ തെരുവ് വിളക്കുകളുടെയും കണക്ഷൻ 1146435000891 എന്ന കൺസ്യൂമർ നമ്പരിലാണ് ബില്ലുചെയ്യുന്നത്. 13 കൺസ്യൂമർ നമ്പറുകൾക്ക് മീറ്റർ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ പ്രവർത്തിക്കുന്നില്ല. നഗരസഭയിലെ രജിസ്റ്റർ പ്രകാരം 1057 40W സാധാരണ ബൾബുകളും , 54 60W സാധാരണ ബൾബുകളും 377 40W ട്യൂബ് ലൈറ്റുകളും , 140 250W SVL ഹൈ മാസ്റ്റ് ലൈറ്റുകൾ എന്നിവയൊക്കെ ഉൾപ്പെടുത്തിയാണ് KSEB വൈദ്യുതി ചാർജ് ഈടാക്കുന്നത്. എന്നാൽ സാധാരണ ബൾബുകളും, പല സോഡിയം വേപ്പർ വിളക്കുകളും നിലവിൽ ഉപയോഗിക്കുന്നില്ലാത്തതാണ്. KSEB -യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കിയിട്ടില്ല. കൂടാതെ 2012-13 ലെ വാർഷിക പദ്ധതിയിൽ പെടുത്തി പ്രൊ. നം. SO 123/13 പ്രകാരം 280900/- രൂപ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി KSEB-യിൽ അടച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. നഗരസഭ തുടർനടപടികളും സ്വീകരിച്ചിട്ടില്ല. ദൈനംദിന പ്രവർത്തനങ്ങൾക്ക് ഫണ്ട് തികയാതെ വരുന്ന നഗരസഭയ്ക്ക് വൈദ്യുതി ചാർജ് ഇനത്തിലുള്ള അധിക ചെലവ് ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. KSEB - യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ എണ്ണം പോസ്റ്റ് നം. ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടാതാണ് . KSEB യിൽ നിന്നും മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-16 വെള്ളക്കരം കുടിശ്ശിക - നഗരസഭയ്ക്ക് 4.8 കോടി രൂപയുടെ ബാധ്യത

നഗരസഭയിൽ 19.07..2011-ൽ നടന്ന സംയുക്ത പരിശോധനയ്ക്ക് ശേഷം പ്രവർത്തനക്ഷമമായ 400 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 262800/- രൂപ വീതം വാട്ടർ അതോറിറ്റി ഈടാക്കി വരുന്നുണ്ട്. ഇത് കൂടാതെ മുൻ വർഷങ്ങളിലെ കുടിശ്ശിക, ഫൈൻ ഇനങ്ങളിലായി 4,81,29,669 /- (08/2017 ലെ ബിൽ ) കൂടി അടയ്ക്കുവാനുള്ളതായി ബില്ലുകളിൽ രേഖപ്പെടുത്തിയാണ് ഓരോ മാസത്തെയും ബിൽ തുക ഡിമാൻറ് ചെയ്യുന്നത്.

നഗരസഭയ്ക്ക് ലഭിക്കേണ്ട വിവിധ ഗ്രാന്റുകളിൽ നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 2008-09 മുതൽ 2013-14 വരെ 1,52,54,697/- രൂപ സർക്കാർ നേരിട്ട് കുറവ് ചെയ്ത് നൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ രേഖകൾ നഗരസഭയിൽ ലഭ്യമല്ല. ഈ വിഷയം സംബന്ധിച്ച് നഗരസഭ വാട്ടർ അതോറിറ്റിക്ക് പല കത്തുകൾ നൽകിയിരുന്നുവെങ്കിലും ആയത് വാട്ടർ അതോറിട്ടി പരിഗണിച്ചിട്ടില്ലായെന്ന് നിലവിലെ ബില്ലുകളിൽ നിന്നും വ്യക്തമാണ്. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക നഗരസഭ അടയ്ക്കാത്തതിനാൽ നഗരസഭ ഒടുക്കുന്ന തുകകൾ വാട്ടർ അതോറിറ്റി ഫൈൻ ഇനത്തിലാണോ പ്രതിമാസ വെള്ളക്കരം ഇനത്തിലാണോ അക്കൗണ്ട് ചെയ്യുന്നതെന്നും വ്യക്തമല്ല. നിലവിൽ 400 ടാപ്പുകളുടെ വെള്ളക്കരം ഈടാക്കുന്നുണ്ടെങ്കിലും ഇവയിൽ പലതും പ്രവർത്തനക്ഷമമല്ലാത്തതിനാൽ പുതിയതായി ഒരു സംയുക്ത പരിശോധന നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് 07/2017 - ൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും KWA തീയതി അറിയിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ ഗ്രാന്റുകളിൽ നിന്നും വെള്ളക്കരം കുറവ് ചെയ്തത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് നഗരകാര്യ വകുപ്പിൽ നിന്നും ശേഖരിച്ച് കൃത്യമായ കണക്കുകൾ തയ്യാറാക്കി വാട്ടർ അതോറിറ്റിയുമായുള്ള കുടിശ്ശിക കണക്കുകൾ റിക്കൺസിലിയേഷൻ നടത്തേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ ഭാവിയിൽ വെള്ളക്കരം കുടിശ്ശിക നഗരസഭയ്ക്ക് വൻ ബാധ്യതയായി മാറുമെന്ന വിഷയത്തിലേയ്ക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 കൗൺസിൽ തീരുമാനങ്ങൾ നടപ്പാക്കൽ

1)28.12.16 ലെ തീരുമാനം നമ്പർ 10 പ്രകാരം കോവിലകത്തുംകടവ് മൽസ്യമാർക്കറ്റിൽ പുതിയ കെട്ടിടം നിർമ്മിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളി സഹകരണസംഘം, INTUC, BMS എന്നീ തൊഴിലാളി സംഘടനകൾക്കും പുതിയ കെട്ടിടത്തിലെ മുകളിലെ മൂന്ന് മുറികൾ കൗൺസിൽ നിശ്ചയിക്കുന്ന വാടകയ്ക്കും സെക്യൂരിറ്റി നിക്ഷേപത്തിലും വാടകയ്ക്ക് നൽകാൻ തീരുമാനിച്ചു.

2)വൈക്കം ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിന്റെ പഴയ കെട്ടിടം പൊളിച്ചതിന്റെ തടികൾ മോഷണം പോയതായി പരാതി ലഭിച്ചതിനാൽ കൗൺസിൽ നിർദ്ദേശപ്രകാരം പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി അന്വേഷണം നടത്തി തടികൾ നഷ്ടപ്പെട്ടതായി റിപ്പോർട്ട് നൽകി. 30.1.17 ലെ അഞ്ചാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ പോലീസ് അന്വേഷണത്തിന് ശുപാർശ ചെയ്തു.

3)നഗരസഭയിലെ നാല് ജീവനക്കാരുടെ സേവനപുസ്തകം മോഷണം പോയി എന്ന ഗുരുതരമായ പ്രശ്നം നിലനിൽക്കുകയാണ്. 25.4.17-ൽ ചേർന്ന കൗൺസിലിന്റെ അഞ്ചാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ പോലീസ്/വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുകയും അന്വേഷണവിധേയമായി ജി1 സെക്ഷൻ ക്ലർക്കായിരുന്ന കെ.പി ഷഹാവുദ്ദീനെ സസ്പെൻഡ് ചെയ്യുകയും ചെയ്തു.

മേൽ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെയും തുടർ പ്രവർത്തനത്തിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം12/20.9.17) ക്രമ നമ്പർ 2,3 എന്നിവ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു എന്ന മറുപടി ലഭ്യമായി.

തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെയും തുടർപ്രവർത്തനത്തിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-18 PMAY പദ്ധതി- കേന്ദ്ര / സംസ്ഥാന വിഹിതം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. SO 270/17

ഫയൽ നം. E3- 270/17 - PMAY- പദ്ധതി വിഹിതം അടയ്ക്കുന്നത് - സംബന്ധിച്ച്.

ഹെൽത്ത് ഇൻസ്പെക്ടർ നടപ്പാക്കിയ ഈ പദ്ധതി പ്രകാരം PMAY പദ്ധതിയുടെ നഗരസഭാ വിഹിതമായി 3600000/-

രൂപ സെക്രട്ടറി, HI എന്നിവരുടെ പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ( ICICI BANK, VAIKOM ACC No. 117105500108) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. 72 ഗുണഭോക്തക്കളുടെ നഗരസഭാ വിഹിതമാണ് ടി തുക (50000/- രൂപാ വീതം ). പദ്ധതിയുടെ 50% കേന്ദ്ര വിഹിതവും (Rs. 1,50,000/- ), 16.6% സംസ്ഥാന വിഹിതവുമാണ് (Rs. 50000/-) . 08.03.2016 ലെ GO(Rt) 1222/16/LSGD നമ്പർ ഉത്തരവ് പ്രകാരം നഗരസഭാ വിഹിതം അടക്കുന്ന മുറയ്ക്ക് കേന്ദ്ര സംസ്ഥാന വിഹിതം അനുവദിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി തുക ലഭ്യമാക്കുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിട്ടില്ല. നഗരസഭ ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിൽ 19 ഗുണഭോക്താക്കൾ മാത്രമാണ് കരാർ വെച്ച് ഒന്നാം ഗഡു കൈപ്പറ്റിയത്. കേന്ദ്ര/സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിനും, ബാക്കിയുള്ള 53 ഗുണഭോക്താക്കളെ കൊണ്ട് കരാർ വെപ്പിച്ച് ഭവന നിർമ്മാണം തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-19 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2016-17 ആക്ഷൻ പ്ലാൻ പ്രകാരം 270 പദ്ധതികൾ വിഭാവനം ചെയ്തതിൽ 92 പദ്ധതികൾ പൂർത്തീകരിക്കുകയും ആകെ 19570 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പദ്ധതി പ്രകാരം 73 പേർക്ക് തൊഴിൽ കാർഡ് നൽകി. 1085 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തു. വിവിധ വാർഡുകളിലെ ജലസംരക്ഷണ പ്രവർത്തികൾ, പൊതുകുളങ്ങൾ, കിണറുകൾ എന്നിവ വൃത്തിയാക്കുന്ന പ്രവർത്തികൾ, ഭൂവികസനം, മൈക്രോ ഇറിഗേഷൻ കോളനി നവീകരണ പ്രവർത്തികൾ എന്നിവയാണ് പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (ക്യാഷ് ബുക്ക് പ്രാകാരം).

| | |
|---|---|
| മുന്നിരിപ്പ് | 2844643 |
| വരവ് | 5000000 |
| പലിശ വരവ് | 74960 |
| ആകെ | 7919603 |
| ചെലവ് | 4413705 |
| നീക്കിയിരിപ്പ് | 3505898 |

# 3-20 പെൻഷൻ ഫണ്ട്- നഗരസഭ പ്രതിമാസ വിഹിതം അടയ്ക്കുന്നില്ല

നഗരസഭയിലെ റഗുലർ വിഭാഗം ജീവനക്കാർ, കണ്ടിജൻറ് വിഭാഗം ജീവനക്കാർ, NPS - കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീമിൽ ചേർന്നിട്ടുള്ള ജീവനക്കാർ എന്നിവരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പിടിച്ചതിന്റെയും, അടച്ചതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ, അസ്സൽ ചെലാൻ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടയില്ല. ഇത് സംബന്ധിച്ച് ഹാജരാക്കിയ ഫയൽ പ്രകാരം (ഫയൽ നം. G1-1835/2012/VOL-II ) നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തുകയൊന്നും അടയ്ക്കുന്നില്ല എന്ന് കാണുന്നു. പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് കൃത്യമായി അലോട്ട്മെന്റുകൾ ലഭിക്കാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നുമാണ് പെൻഷനായ ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നതെന്ന് ഫയലിലെ കണക്കുകൾ പ്രകാരം കാണുന്നു.

നഗരസഭ 23.08.2017-ൽ നഗരകാര്യ ഡയറക്ടർക്ക് നൽകിയ കത്ത് പ്രകാരം നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 14950382/- രൂപ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ നഗരസഭ തനത് ഫണ്ടിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ ഇനത്തിൽ 42193695/- രൂപ തിരികെ ലഭിക്കുവാനും അവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ നഗരസഭ നിലവിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ എല്ലാ മാസവും 15% തുക ശമ്പള ബില്ലിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും തുകയൊന്നും ഫണ്ടിലേയ്ക്ക് അടയ്ക്കുന്നില്ല

.

1997 -ലെ കേരളാ മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് ( ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ) റൂൾസ് പ്രകാരം കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15% മാസവിഹിതം ആയി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ലോയീസ് പെൻഷൻ ഫണ്ടിൽ അടയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭ നിയമപരമായ ഈ ബാധ്യത നിറവേറ്റുന്നില്ല എന്ന് കാണുന്നു. ഈ വിഷയം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച തീരുമാനം അടിയന്തിരമായി ലഭ്യമാക്കി പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് ലഭ്യമായില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ചത് |
|---|---|---|---|---|
| 1. | കോസ്റ്റ്ഫോർഡ് | 168/17<br>മുനിസിപ്പൽ പാർക്ക് നവീകരണം | 26,94,840 | വിനിയോഗ വിവരം ലഭ്യമായില്ല |
| 2. | ,, | 272/17<br>ബീച്ചിൽ കളിസ്ഥല നിർമ്മാണവും സൗന്ദര്യവൽക്കരണവും | 11,69,393 | ,, |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പാ തിരിച്ചടവ്

ഇ.എം.എസ്. ഭവനപദ്ധതിക്കായി കോട്ടയം ജില്ലാ സഹകരണ ബാങ്കിന്റെ വൈക്കം ശാഖയിൽ നിന്നും 2010-11 മുതൽ വായ്പ എടുത്തിട്ടുള്ളതും പദ്ധതിയുടെ തുടർ നടത്തിപ്പിനായി 2015-16 ലും തുക പിൻവലിച്ചിട്ടുള്ളതുമാണ്. കൂടാതെ നഗരസഭയിലെ ഷോപ്പിംഗ് കോംപ്ലക്സ് ഉൾപ്പെടെ വിവിധ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. എന്നാൽ ഇത്തരം വായ്പകളുടെ കൃത്യമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. കെ.യു.ആർ.ഡി.എഫ്.സി ലോൺ പിൻവലിക്കൽ, തിരിച്ചടവ്, ബാധ്യത, പലിശ ബാധ്യത സംബന്ധിച്ച സാക്ഷ്യപ്പെടുത്തിയ രേഖകൾ/രജിസ്റ്ററുകൾ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വായ്പ അനുവദിച്ച സ്ഥാപനങ്ങളുടെ രേഖകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

(i) ഇ.എം.എസ്. ഭവനപദ്ധതിയ്ക്ക് ഉപയുക്തമാക്കിയ വായ്പയുടേയും വായ്പ തിരിച്ചടവിന്റെയും ലോൺ രജിസ്റ്റർ പ്രകാരമുള്ള (31.3.17) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അനുവദിച്ച ആകെ വായ്പാതുക 1,01,95,000 രൂപയാണ്.

| വായ്പയിനത്തിൽ ലഭിച്ച ആകെ തുക | നാളിതുവരെ തിരിച്ചടച്ച മുതൽ തുക | അടയ്ക്കാനുള്ള മുതൽ തുക |
|---|---|---|
| 10195000 | 7774377 | 2420623 |

എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം(ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ) 31.03.2017ന് അടയ്ക്കാൻ ബാക്കിയുള്ള മുതൽ തുക 2420623/- രൂപയാണ്.

(ii) കെ.യു.ആർ.ഡി.എഫ്.സി.യുടെ വായ്പാകുടിശ്ശിക ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് (07.03.2017ലെ KURDFC/ULB DEMAND/16-17) പ്രകാരം വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ/കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നഗരസഭയ്ക്ക് സ്ഥാപനം അനുവദിച്ച വായ്പകളുടെ 31.03.17 വരെയുള്ള കുടിശ്ശിക 348313/- രൂപയാണ്. ടി തുക നഗരസഭ അടവാക്കിയിട്ടുണ്ട്. എന്നാൽ വാർഷികകണക്കിൽ വായ്പാ ബാധ്യതയായി 392570/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. വാർഷിക കണക്കുകൾ, ലോൺ സംബന്ധിച്ച രേഖകൾ എന്നിവയുടെ വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

ബാലൻസ് ഷീറ്റ് B12 ഷെഡ്യൂളിൽ ഇക്വിറ്റി ഷെയറായി 2627027 രൂപ കാണിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8534 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ |
|---|---|---|---|---|
| 2012-13 | 3-18 | 8534 | കെ.ജോർജ് സെബാസ്റ്റ്യൻ | 11501106331 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2010-11 | -- | 2012-13 | -- | പൊതുപരാമർശം നിലനിൽക്കുന്നു | നിലനിൽക്കുന്നു |
| 2011-12 | 3-26 | 2012-13 | - | വൈക്കം നഗരസഭയും പരസ്യനികുതിയും | നിലനിൽക്കുന്നു |
| 2011-12 | 2.7 | 2013-14 | 4.6 | വാടക കുടിശ്ശിക ഈടാക്കിയില്ല | നിലനിൽക്കുന്നു |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 118437603.27 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 92838110 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14599 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 58713 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1939582 |

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-12 | 14,599 | | ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ |
| 3-1 | | 7,500 | ശ്രീ.ഹനീഫ പി., ഫിഷറീസ് ഇൻസ്‌പെക്ടർ, വൈക്കം നഗരസഭ |
| 3-7 | | 9,780 | ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ |
| 3-11 | | 29,968 | ശ്രീ.വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം നഗരസഭ |
| 3-14 | | 11,465 | ശ്രീ.വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം നഗരസഭ |
| ആകെ | 14,599 | 58,713 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 2,53,048 | ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ |
| 3-6 | 83,240 | ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ |
| 3-8 | 3,38,441 | ശ്രീ.വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം നഗരസഭ |
| 3-12 (1) | 2,43,207 | ഡോ.കെ.സി.രാധാമണി, മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ |

| | | |
|---|---|---|
| | | ഡിസ്പെൻസറി, വൈക്കം |
| (2) | 1,11,940 | ഡോ.നിഷാ മോഹൻ, മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി, വൈക്കം |
| 3-13 | 9,09,706 | ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ |
| ആകെ | 19,39,582 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | തുക | ഇനം | നഷ്ടം സംഭവിച്ചത് | നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 3-10 | 5150 | ഇൻകം ടാക്സ് | കേന്ദ്ര സർക്കാർ | സെക്രട്ടറി, വൈക്കം നഗരസഭ |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജു എസ്., സെക്രട്ടറി, വൈക്കം നഗരസഭ | മുനിസിപ്പൽ സെക്രട്ടറി, മാവേലിക്കര നഗരസഭ | പ്രശാന്തി, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ – 688521 |
| ശ്രീ.ഹനീഫ പി., ഫിഷറീസ് ഇൻസ്പെക്ടർ, വൈക്കം | ഫിഷറീസ് ഇൻസ്പെക്ടർ, വൈക്കം നഗരസഭ | പുതുശ്ശേരി വീട് അരൂർ, ആലപ്പുഴ – 688534 |
| ശ്രീ.വിപിൻകൃഷ്ണ, അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം നഗരസഭ | LSGD അസിസ്റ്റന്റ് എഞ്ചിനീയർ വൈക്കം നഗരസഭ | ശ്രീഹരി ഹൗസ് നം.D/16/ അർച്ചന നഗർ, പോങ്ങുംമൂട്, മെഡിക്കൽ കോളേജ് പി.ഒ. തിരുവനന്തപുരം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | നം.എൽ.എഫ്.കെ.(എം.എൽ) 856/00/11.12.2001 |
| 97-98 | നം.എൽ.എഫ്.കെ.(എം.എൽ) /1508/07 |
| 98-99 | നം.എൽ.എഫ്.കെ.(എം.എൽ) 1497/07/11.07.08 |
| 99-00, 00-01, 01-02 (പ്ലാൻ) | നം.എൽ.എഫ്.കെ.(എം.എൽ)116/04/4.1.10/6.2.10 |
| 99-00 (പ്ലാൻ ഒഴികെ വരവുചെലവ്) | നം.എൽ.എഫ്.കെ.(എം.എൽ) 1497/07, 11.07.08/19.09.08 |
| 00-01 (ഫുൾ) | നം.എൽ.എഫ്.കെ.(എം.എൽ) 431/07/17.11.08/3.2.09 |
| 02-03 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 736/07/6.7.09/8.9.09 |

| | |
|---|---|
| 03-04 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 737/07/11.7.09/8.9.09 |
| 04-05 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 174/09/2.7.09/8.9.09 |
| 04-05 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 997/09/31.03.16 |
| 05-06 ചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/07/09.10.09 |
| 05-06 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 738/09/31.12.09/31.3.10 |
| 06-07 | നം.എൽ.എഫ്.കെ.(എം.എൽ) 999/09/19.3.10/10.1.11 |
| 2001-02 വരവുചെലവ് | നം.എൽ.എഫ്.കെ.(എം.എൽ) 117/09/20.04.16 |
| 02-03 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 995/09/30.12.09/30.3.10 |
| 03-04 വരവ് | നം.എൽ.എഫ്.കെ.(എം.എൽ) 996/09/29.03.16 |
| 07-08 | നം.എൽ.എഫ്.കെ.(എം.എൽ) 1000/09/19.3.10/10.01.2011 |
| 08-09 | നം.എൽ.എഫ്.കെ.(എം.എൽ) 438/11/12.12.11 |
| 09-10 | നം.എൽ.എഫ്.കെ.(എം.എൽ) 439/11/2.2.13 |
| 10-11 | നം.എൽ.എഫ്.കെ.പി8- 471/14/7.10.14 |
| 11-12 | നം.എൽ.എഫ്.കെ.(എം.എൽ)പി8-/342/13/21.3.14 |
| 12-13 | നം.എൽ.എഫ്.കെ.പി8-/832/2014/8.9.15 |
| 13-14 | നം.കെ.എസ്. എ.കെ.ടി.എം.പി8-/1175/2015/18.03.16 |
| 14-15 | കെഎസ്എകെടിഎം.പി.8/880/2016 ,19.06.2016 |
| 2015-16 | കെഎസ്എ.കെടിഎം.പി.8/72/17/25.01.17 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ-കെ.ടി.എം.പി.17/1503/2017 തീയതി 17.10.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-(4)-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വൈക്കം നഗരസഭയുടെ 2016-17 വർഷത്തെ** ധനകാര്യ പത്രികയുടെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 2-1-ൽ സൂചിപ്പിച്ചതുപോലെ ആവശ്യമായ എല്ലാ വിവരങ്ങളും എനിക്ക് ലഭിച്ചില്ല. ഈ സാഹചര്യത്തിൽ എന്റെ അഭിപ്രായത്തിൽ **വൈക്കം നഗരസഭയുടെ** 2016-17 വർഷത്തെ ധനകാര്യ പത്രിക നഗരസഭയുടെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന അഭിപ്രായം രേഖപെടുത്താൻ സാദ്ധ്യമല്ല.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**